# ആത്മപ്രകാശിനി

## 2008 ജൂൺ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# അകത്താളുകളിൽ


**നമ്മുടെ സ്ഥലം സഭകൾ . . . .**
ഡോ. ഒ.എം. സാമുവേൽ ................ 3

**പരിണാമ സൃഷ്ടി വിവാദം**
ഡോ. ജോൺസൺ ജോർജ്ജ് ........ 4

**ആരാധനയും കർത്തൃമേശയും**
റ്റി.പി. കനകരാജ് ................................ 7

**പ്രാദേശിക സഭയുടെ പ്രാധാന്യം**
ഡോ. സൈലസ് സി. നായർ ......... 9

**ബാലൻ നടക്കേണ്ടുന്ന വഴി**
ടി.ജെ. ജാക്സൺ ................................ 15

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് .............................. 16

**യേശുക്രിസ്തുവിന്റെ വംശാവലി . . .**
മേഴ്സി യോഹൻ ................................ 18

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 20

**ബൈബിൾ പ്രശ്നാവലി .................** 21

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.6**

## 2008 ജൂൺ

*പത്രാധിപസമിതി*
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

*പബ്ലിഷർ & മാനേജർ*
സി. എ. ജോർജ്ജ്

*ഡി.റ്റി.പി.*
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

*പ്രിന്റിങ്*
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

*ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം*
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@hotmail.com

# നമ്മുടെ സ്ഥലം സഭകൾ

ഡോ. ഒ.എം. സാമുവേൽ

2008 മെയ് 10-ാം തീയതി എറണാകുളം പാലാരിവട്ടം സഭയിൽ വെച്ച് പ്രാദേശിക സഭകളുടെ പ്രാധാന്യം, ഉത്തരവാദിത്തങ്ങൾ എന്നീ വിഷയങ്ങളെ അധികരിച്ച് ഒരു ദിവസത്തെ ഒരു സമ്മേളനം നടക്കുകയുണ്ടായി. അവിടെ അവതരിപ്പിക്കപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള വിശദ വിവരണത്തിന് സമയപരിമിതി ഉണ്ടായിരുന്നു എന്നുള്ളതല്ലാതെ വളരെ പ്രയോജനകരമായ ഒരു കൂടിവരവായിരുന്നു അത് എന്നുള്ളതിൽ സംശയമില്ല.

സഭയുടെ 2 ഘടകങ്ങളിൽ ഒന്ന് ആഗോള സഭയും രണ്ടാമത്തേത് പ്രാദേശിക സഭകളും ആണല്ലോ. ആഗോളസഭയുടെ പണി സഭാകാന്തനായ കർത്താവായ യേശുക്രിസ്തുവാണ് നടത്തുന്നത്.പാതാളഗോപുരങ്ങൾക്ക് അതിനെ തകർക്കുവാൻ ഒരു കാലത്തും സാധിക്കയില്ല എന്നുള്ള കർത്താവിന്റെ ഉറച്ച പ്രഖ്യാപനവും ഉണ്ട്. വിശ്വാസികൾക്ക് ആഗോള സഭയോടുള്ള ബന്ധത്തിൽ പ്രത്യേക ശുശ്രൂഷകൾ ഒന്നും തന്നെയില്ല. അതിന്റെ പണിയിൽ ഒരു ന്യൂനതയും ഉണ്ടാവുകയില്ല. എല്ലാ നിലയിലും കുറ്റമറ്റ നിലയിൽ അത് അനുദിനം പുരോഗമിക്കുന്നു. എന്നാൽ പ്രാദേശിക സഭയുടെ സ്ഥിതി അതല്ല, അതിന്റെ പ്രവർത്തനങ്ങൾ പലതും വിശ്വാസികളെ കർത്താവ് ഭരമേല്പിച്ചിരിക്കുകയാണ്.

പുതിയ നിയമസഭ പെന്തക്കൊസ്തു നാളിലാണല്ലോ ആരംഭിച്ചത്. ഇതിനെയും ചോദ്യം ചെയ്യുന്നവർ കണ്ടേക്കാം. എന്നാൽ അതിലേക്കുള്ള വിശദീകരണം നടത്താൻ തല്ക്കാലം തുനിയുന്നില്ല. പെന്തക്കൊസ്തു നാളിൽത്തന്നെ 3000 പേർ വിശ്വസിച്ച് സ്നാനപ്പെട്ട് സഭയോട് ചേർന്നു എന്നു നാം കാണുന്നു, അങ്ങനെയുള്ള യെരുശലേമിലെ സഭയുടെ ശുശ്രൂഷകളെക്കുറിച്ച് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക, അവർ (സ്നാനപ്പെട്ട 3000 പേർ) അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. ഒരു പ്രാദേശിക സഭയുടെ 4 നെടുംതൂണുകളാണിതെന്നു പറയാം. അവയിൽ ആദ്യത്തേത് അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു എന്നുള്ളതാണ്. ഇന്നത്തെ നമ്മുടെ പ്രാദേശിക സഭകളിൽ ഉപദേശപ്രധാനമായ ശുശ്രൂഷയ്ക്ക് എത്ര മാത്രം സ്ഥാനമാണുള്ളത്. വചന വിരുദ്ധങ്ങളായ ഉപദേശങ്ങളുടെ വേലിയേറ്റം നടക്കുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യം ദൈവജനം ഉപദേശ സത്യങ്ങളെ മുറുകെ പിടിച്ച് മുന്നോട്ട് പോവുക എന്നുള്ളതാണ്.

പ്രാദേശിക സഭയിൽ ത്രിവിധങ്ങളായ ആളുകളുണ്ടായിരിക്കും. പിതാക്കന്മാർ, യുവാക്കന്മാർ, കുഞ്ഞുങ്ങൾ. യോഹന്നാൻ അപ്പൊസ്തലൻ തന്റെ ലേഖനം എഴുതുമ്പോൾ സഭയിലെ 3 കൂട്ടം ആളുകളെയും സംബോധന ചെയ്തുകൊണ്ടാണ് എഴുതുന്നത്. ഈ 3 കൂട്ടരും സഭയ്ക്ക് അത്യന്താപേക്ഷിതമാണ്. പിതാക്കന്മാർ അനുഭവ സമ്പത്തുള്ളവരാണ്. വാർദ്ധക്യത്തിന്റെ പരിമിതികൾ പലതും ഉണ്ടാകാം. എന്നാൽ അവരെ ആദരിക്കുകയും ബഹുമാനിക്കുകയും അവരുടെ ആലോചന ശ്രദ്ധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതുപോലെ യുവാക്കന്മാർ ഭാവിയുടെ വാഗ്ദാനങ്ങളാണ്. അവരെ വളർത്തിയെടുക്കുന്നതിൽ സഭ ശ്രദ്ധാലുക്കളായിരിക്കണം. അവർ ദുഷ്ടനെ ജയിച്ചിരിക്കുന്നതിന്റെ രഹസ്യം അപ്പൊസ്തലൻ വിശദീകരിക്കുന്നുണ്ട്. നിങ്ങൾ വചനം അറിയുന്നവരാകണം. വചനത്തിലെ അറിവുകൊണ്ടാണ് ദുഷ്ടനെ ജയിക്കേണ്ടത്. നമ്മുടെ കർത്താവും യുവ പ്രായത്തിൽ സാത്താനെ പരാജയപ്പെടുത്തിയത് വചനജ്ഞാനമുപയോഗിച്ചാണ്. അതുപോലെ പാപക്ഷമ ലഭിച്ച കുഞ്ഞുങ്ങൾ. ആത്മീയ ശിശുക്കൾ. ഈ 3 കൂട്ടരുടെ സമഞ്ജസ സമ്മേളനമാണ് ഒരു പ്രാദേശിക സഭ. പിതാക്കന്മാർക്ക് അവരുടേതായ ഒരു സംഘടനയും യുവാക്കന്മാർക്ക് അവരുടേതായ സംഘടനയും കുഞ്ഞുങ്ങൾക്ക് അവരുടേതായ സംഘടനയും വേണമെന്നുള്ള ആശയം വചന വിരുദ്ധമാണ്. നമ്മുടെ മദ്ധ്യത്തിലെ ഇങ്ങനെയുള്ള ആത്മീയ ടീം പ്രവർത്തനങ്ങളെ വിമർശിക്കുകയല്ല ചെയ്യുന്നത്. എന്നാൽ ഇങ്ങനെയുള്ള സംഘടനകൾ പ്രാദേശികസഭകളുടെ പ്രാധാന്യത്തെ ഉയർത്തിപ്പിടിക്കുന്നവരായിരിക്കണം. പ്രാദേശിക സഭയുടെ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ടുവേണം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ. അല്ലാതെ അവയ്ക്ക് ഒരു കൾട്ട് രൂപം നൽകി പ്രാദേശിക സഭകളെ നശിപ്പിക്കാൻ ശ്രമിക്കരുത് എന്നാണു പറഞ്ഞത്. സ്ഥലം സഭകളെ കേവലം നോക്കുകുത്തികളായി കണ്ടുകൊണ്ടുള്ള ഏതു പ്രവർത്തനത്തെയും നാം എതിർക്കേണ്ടിയിരിക്കുന്നു. ഇവിടെ വ്യക്തികൾക്കല്ല പ്രാധാന്യം. ആശയത്തിനാണ് പ്രാധാന്യം, ഉപദേശ സത്യങ്ങൾക്കാണ് പ്രാധാന്യം. വചനത്തിനാണ് പ്രാധാന്യം. ഇവയുടെ മൂല്യച്യുതി സംഭവിക്കാതിരിക്കാൻ നമുക്ക് ശ്രമിക്കാം. കർത്താവു സഹായിക്കട്ടെ. ●

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 22

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 18. നോഹയുടെ കാലത്തെ ജലപ്രളയം വാസ്തവത്തിൽ സംഭവിച്ചതാണോ?**

നോഹയുടെ കാലത്ത് ഒരു ആഗോള ജലപ്രളയം (global flood) ഉണ്ടായി എന്ന് ഉല്പത്തി 6-8 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അതിന്റെ തെളിവുകൾ ഭൂമിയിൽ എല്ലായിടത്തും കാണേണ്ടതാണ്. ശാസ്ത്രജ്ഞന്മാർക്ക് ഒരു വിധത്തിലും ആ തെളിവുകളെ കണ്ടില്ല എന്ന് നടിക്കുവാൻ സാധിക്കുകയില്ല. പിന്നെ ഇന്ന് എന്തുകൊണ്ട് ശാസ്ത്രീയ ഗോളത്തിൽ നോഹയുടെ ജലപ്രളയത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെടുന്നില്ല? എന്തുകൊണ്ട് ഭൂഗർഭശാസ്ത്രത്തിന്റെ (geology) പുസ്തകങ്ങളിൽ നോഹയുടെ കാലത്തെ ജലപ്രളയത്തെക്കുറിച്ച് യാതൊരു പരാമർശനവും ഇല്ല.

ഇവിടെ 3 സാദ്ധ്യതകളാണുള്ളത്. 1) നോഹയുടെ കാലത്ത് അതായത് ഇന്നേക്ക് 4500 വർഷങ്ങൾക്ക് മുമ്പ് ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടില്ല. 2) ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ തെളിവുകളൊന്നും ഇന്ന് ഭൂമുഖത്ത് ബാക്കിയില്ല. 3) തെളിവുകളുണ്ടെങ്കിൽ ശാസ്ത്രജ്ഞന്മാർ അവയെ തെറ്റായി വ്യാഖ്യാനിച്ചിരിക്കുന്നു. ഇതിൽ ഏതാണ് ശരി?

ഇന്ന് ഭൂമിയിൽ മിക്കവാറും എല്ലായിടത്തും കാണപ്പെടുന്ന ഊറൽപാറകളുടെ അടുക്കുകളും (layers of sedimentary rock) അവയിലുള്ള ജീവാശ്മങ്ങളും (fossils) എങ്ങനെ ഉണ്ടായി വന്നു എന്നാണ് നാം ചിന്തിക്കേണ്ടത്. അസാധാരണമായ കട്ടിയിൽ കാണപ്പെടുന്ന ഈ പാറ- അടുക്കുകളും അവയിൽ അതിശയകരമായ സംഖ്യയിൽ കാണപ്പെടുന്ന ജീവാശ്മങ്ങളും ഇന്ന് ഭൂമിയിൽ എങ്ങും ഉണ്ടായി വരുന്നില്ല. അതുകൊണ്ട് ഇവയുണ്ടായി വന്നത് ഇന്ന് നിലവിലില്ലാത്ത ഏതോ ഒരു അസാധാരണ സംഭവം ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതുകൊണ്ടാണ് എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഭൂഗർഭശാസ്ത്രത്തിലെ ആദ്യകാല ശാസ്ത്രജ്ഞന്മാർ (Nicolaus Steno, John Wood Ward എന്നിവർ) ഊറൽ പാറകളും ജീവാശ്മങ്ങളും ഉണ്ടായി വന്നതിനെ നോഹയുടെ കാലത്തെ ജലപ്രളയവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിരുന്നു. ഇവ ജലപ്രളയത്തിൽ ഉണ്ടായവയാണങ്കിൽ ഇന്ന് ഭൂമിയിൽ കാണുന്ന ഊറൽ പാറകളുടെ ഭൂരിഭാഗവും ഒരുവർഷത്തിനുള്ളിൽ വേഗത്തിൽ അടിഞ്ഞവയായിരിക്കണം. പക്ഷേ പിന്നാലെ വന്ന ജെയിംസ് ഹട്ടൺ, ചാൾസ് ലായൽ എന്നീ ഭൂഗർഭശാസ്ത്രജ്ഞന്മാർ നോഹയുടെ കാലത്തെ ജലപ്രളയത്തെ അവഗണിച്ചുകൊണ്ട്, നീണ്ട യുഗങ്ങൾ ഭൂമിയിൽ ഉണ്ടായിട്ടുണ്ടെന്നും ആ യുഗങ്ങളിലൂടെ ഊറൽ സാവധാനമായി (slowly) അടിയുകയായിരുന്നുഎന്നും വാദിച്ചു. മാത്രമല്ല, കൂടുതൽ ജീവാശ്മങ്ങൾ കണ്ടുകിട്ടിയപ്പോൾ അവ പാറ അടുക്കുകളിൽ സാധാരണ കൂടുന്ന സങ്കീർണ്ണതയിൽ (Increasing complexity) ക്രമപ്പെട്ടിരിക്കുന്നതായി കാണപ്പെട്ടു. ഒരു പ്രളയത്തിൽ ചത്ത ജീവികൾ ഈ വിധത്തിൽ ക്രമപ്പെടുകയില്ല. അതുകൊണ്ട് അവ വിവിധ യുഗങ്ങളിൽ കൂടുന്ന സങ്കീർണ്ണതയിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയായിരിക്കണമെന്ന് ആഡം സെജ്വിക്കിനേപ്പോലെയുള്ള ദൈവവിശ്വാസികളായ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തെ പുരോഗമനാത്മക സൃഷ്ടി (Progressive creation) എന്നു പറയുന്നു (പുരോഗമനാത്മക സൃഷ്ടിയിൽ വിശ്വസിക്കുന്നവർ ഉല്പത്തി പുസ്തകത്തിലെ 6 ദിവസത്തെ സൃഷ്ടിയെ 6 യുഗങ്ങളിൽ നടന്ന സൃഷ്ടിയായി കാണുന്നു. പക്ഷേ ഈ വ്യാഖ്യാനത്തിൽ നോഹയുടെ കാലത്തെ ജലപ്രളയത്തെ ഒരു പ്രാദേശിക ജലപ്രളയം (Local Flood) ആയി കാണേണ്ടി വരുന്നു. ആഡം സെജ്വിക്കിനു ശേഷം തന്റെ ശിഷ്യനായിരുന്ന ചാൾസ് ഡാർവിൻ പുതിയൊരു വ്യാഖ്യാനവുമായി വന്നു. ഊറൽപാറകളിൽ ജീവാശ്മങ്ങൾ കൂടുന്ന സങ്കീർണ്ണതയിൽ കാണപ്പെടുന്നത് അവ ആ വിധത്തിൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ടല്ല പ്രത്യുത പരിണമിച്ചതുകൊണ്ടാണെന്ന് താൻ വ്യാഖ്യാനിച്ചു. ഭൂമിയുടെ ചരിത്രത്തിൽ ജീവികൾ പരിണമിച്ചുകൊണ്ടിരുന്നുവെന്നും ഊറൽ സാവധാനമായി അടിഞ്ഞുകൊണ്ടിരുന്നു എന്നുള്ള വാദങ്ങൾ ദൈവിക ഇടപെടൽ ആവശ്യപ്പെടാതെ തന്നെ കാര്യങ്ങൾ വ്യാഖ്യാനിക്കുന്നതായി തോന്നിയതിനാൽ അഭ്യസ്തവിദ്യരായ ആളുകൾ ഇതിനെ വേഗം ശാസ്ത്രം എന്ന നിലയിൽ അംഗീകരിച്ചു. സൃഷ്ടിവാദം അംഗീകരിച്ചാൽ ദൈവാസ്ഥിക്യം അംഗീകരിക്കേണ്ടി വരുമല്ലോ. അതുകൊണ്ട് തികച്ചും പ്രകൃതിപരമായ (Natural) കാരണങ്ങളാൽ പരിണാമവും സാവധാനമായ ഊറൽ നിക്ഷേപവും നടന്നുകൊണ്ടിരിക്കുന്നു എന്ന വാദം കൂടുതൽ ശാസ്ത്രീയമായി ആളുകൾക്ക് ബോധ്യപ്പെട്ടു.

ഈ വ്യാഖ്യാനത്തിന്റെ ഫലത്താൽ അതായത് ഊറൽ പാറകളെയും ജീവാശ്മങ്ങളെയും പരിണാമ വാദം സ്ഥാപിക്കുവാൻ വേണ്ടി ഉപയോഗിച്ചിരിക്കുന്നതിനാൽ ബൈബിളിൽ വിവരിച്ചിരിക്കുന്ന നോഹയുടെ കാലത്തെ ജലപ്രളയത്തിന് ഭൂമുഖത്ത് യാതൊരു തെളിവും ഇല്ല എന്നുവന്നിരിക്കുന്നു. ഭൂമിയിലെ ഊറൽപാറകളും ജീവാശ്മങ്ങളും കോടിക്കണക്കിന് വർഷങ്ങളിലൂടെ നടന്ന

പരിണാമത്തെ കാണിക്കുന്നു എന്ന വാദമാണ് ശരിയെങ്കിൽ നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ യാതൊരു തെളിവും ഇന്നു നമുക്കില്ല. നേരെ മറിച്ച് ഊറൽപാറകളും ജീവാശ്മങ്ങളും നോഹയുടെ കാലത്തെ ജലപ്രളയ സമയത്ത് ഒരു വർഷത്തിനുള്ളിൽ ഉണ്ടായ വിനാശത്തെ കാണിക്കുന്നു എന്ന സൃഷ്ടിവാദികളുടെ വ്യാഖ്യാനമാണ് ശരിയെങ്കിൽ പിന്നെ പരിണാമം നടന്നിട്ടുള്ളതിന് യാതൊരു തെളിവും ഇല്ല. ഇക്കാരണത്താൽ പരിണാമ-സൃഷ്ടി-വിവാദത്തിൽ നോഹയുടെ കാലത്തെ ജലപ്രളയം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നു നമുക്ക് മനസ്സിലാക്കാമല്ലോ.

ഏത് വ്യാഖ്യാനമാണ് ശരി? ഊറൽപാറകളും ജീവാശ്മങ്ങളും നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ തെളിവുകളാണ് എന്ന സൃഷ്ടിവാദികളുടെ വ്യാഖ്യാനത്തിനെതിരായി പരിണാമവാദികൾ പ്രധാനമായി രണ്ട് ഭൂഗർഭശാസ്ത്രീയ ആക്ഷേപങ്ങൾ കൊണ്ടുവരുന്നു. അവ ഇവയാണ്.

1. ഭൂമുഖത്ത് മിക്കവാറും എല്ലായിടത്തും ശരാശരി ഒരു മൈൽ കട്ടിയിൽ കാണപ്പെടുന്ന ഊറൽപാറകളുടെ ആയിരക്കണക്കിന് അടുക്കുകൾ ഉണ്ടായി വരുവാൻ നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ ഒരു വർഷക്കാലം മതിയായതല്ല.

2. പ്രളയത്തിൽ ചത്ത ജീവികളുടെ ജീവാശ്മങ്ങൾ കൂടിക്കലർന്ന് കിടക്കുകയേ ഉള്ളൂ. അവ ഇന്ന് പാറകളിൽ കാണുന്നതുപോലെ കൂടുന്ന സങ്കീർണ്ണതയിൽ അതായത് ലളിതമായ ജീവികളിൽ നിന്ന് സങ്കീർണ്ണമായ ജീവികളിലേക്ക് എന്ന നിലയിൽ ക്രമപ്പെട്ടിരിക്കുകയില്ല.

ഈ ആക്ഷേപങ്ങൾക്ക് സൃഷ്ടിവാദികൾ ഈ വിധം മറുപടി കൊടുക്കുന്നു. ആദ്യമായി, ഭൂമിയുടെ ചരിത്രത്തിൽ ഊറൽ സാവധാനമായി അടിഞ്ഞു കൊണ്ടിരുന്നു എന്ന് വിശ്വസിച്ചിരിക്കുന്നതുകൊണ്ടാണ് ഇന്ന് കാണുന്ന ഊറൽപാറകളെല്ലാം ഒരു വർഷത്തിനുള്ളിൽ അടിഞ്ഞിരിക്കാൻ സാദ്ധ്യത ഇല്ല എന്നു തോന്നുന്നത്. അസാധാരണമായ ഒരു ആഗോള ജലപ്രളയം ഉണ്ടായാൽ ഊറൽ എല്ലാം വളരെ വേഗത്തിൽ അടിയുവാൻ സാദ്ധ്യതയുണ്ട്.

ഊറൽ വേഗത്തിൽ അടിയുവാൻ സാദ്ധ്യത ഉണ്ട് എന്ന് തെളിയിക്കുവാനായി അമേരിക്കയിലെ വാഷിംഗ്ടൺ സ്റ്റേറ്റിലുള്ള സെയിന്റെ ഹെലൻസ് (Mt. St. Helens) അഗ്നി പർവ്വതത്തിൽ (Volcano) 1980-ൽ ഉണ്ടായ സ്ഫോടനത്തിന്റെ (eruption) ഉദാഹരണം സൃഷ്ടിവാദികൾ എടുത്തു കാണിക്കുന്നു. സൃഷ്ടിവാദികളുടെ ലേഖനങ്ങളിൽ സെയിന്റ് ഹെലൻസ് അഗ്നിപർവ്വത സ്ഫോടനത്തെക്കുറിച്ച് ധാരാളം ചർച്ച ചെയ്യപ്പെടാറുണ്ട്. അതുകൊണ്ട് ഈ സംഭവത്തെക്കുറിച്ച് ഒരു ചെറിയ വിവരണം താഴെ കൊടുക്കുന്നു.

ഒരു സാധാരണ അഗ്നി പർവ്വത സ്ഫോടനത്തിൽ ഒരു ദിവസം കൊണ്ട് ഊറൽപാറകളുടെ നൂറുകണക്കിന് അടുക്കുകൾ ഉണ്ടായി വന്നു എന്നും ഏകദേശം 200 ചതുരശ്ര മൈലോളം (square mile) ഭൂപ്രദേശം ഊറലിന് (sediment) അടിയിൽ ആയിത്തീർന്നു എന്നും കാണിക്കുവാനായി 1980 ൽ നടന്ന സെയിന്റ് ഹെലൻസ് അഗ്നിപർവ്വത സ്ഫോടനത്തിന്റെ ഉദാഹരണം സൃഷ്ടിവാദികൾ ഉപയോഗിക്കുന്നു. ഊറൽപാറകളുടെ അടുക്കുകൾ ഉണ്ടായി വരുവാൻ കോടിക്കണക്കിന് വർഷങ്ങൾ ആവശ്യമില്ല എന്ന് ഈ സംഭവം തെളിയിക്കുന്നു.

18 മെയ് 1980 തിലായിരുന്നു സെയിന്റ് ഹെലൻസിന്റെ ആദ്യത്തെ സ്ഫോടനം. തുടർന്ന് 1980 ൽത്തന്നെ മെയ് മുതൽ ഒക്ടോബറിനിടയിൽ 6 വലിയ സ്ഫോടനങ്ങൾ കൂടെ നടന്നു. അതിനു ശേഷം ഇന്നു വരെ പല ചെറിയ സ്ഫോടനങ്ങൾ അവിടെ നടന്നു കൊണ്ടിരിക്കുന്നു.

അഗ്നിപർവ്വത സ്ഫോടനത്തിൽ സാധാരണ സംഭവിക്കുന്നത് ലാവ വെളിയിൽ വന്ന് കട്ടിയായി ആഗ്നേയ പാറകളായി (igneous rocks) രൂപപ്പെടുകയാണ്. പക്ഷേ സെയിന്റ് ഹെലൻസിൽ മറ്റു ചിലതുംകൂടെ സംഭവിച്ചു. 18 മെയ് 1980 ലെ സ്ഫോടനത്തിൽ പർവ്വതത്തിന്റെ മുകളിലുള്ള ഹിമമലകൾ (glaciers) ഉരുകി വെള്ളവും മണ്ണും മണിക്കൂറിൽ ഏകദേശം 70 മുതൽ 150 മൈൽ വേഗത്തിൽ താഴോട്ട് ഒഴുകി. ഈ വെള്ളത്തിൽ വന്ന ഊറൽ പർവ്വതത്തിന്റെ അടിവാരത്തിൽ അടിഞ്ഞ് പല അടുക്കുകളുള്ള ഊറൽപാറകളായി മാറി. കൂടുതൽ ആൾതാമസമില്ലാതിരുന്ന സ്ഥലമായിരുന്നതിനാലും സ്ഫോടനത്തിനു മുമ്പ് ആളുകളെ സ്ഥലം ഒഴിപ്പിച്ചിരുന്നതിനാലും കൂടുതൽ മരണം സംഭവിച്ചില്ല. എങ്കിലും നാശനഷ്ടങ്ങൾ വളരെ ആയിരുന്നു. 18 മെയ് 1980 ലെ സ്ഫോടനത്തിൽ 57 പേർ മരിച്ചു. 200 വീടുകൾ നശിച്ചു. 47 പാലങ്ങൾ തകർന്നു. 15 മൈൽ റെയിൽ പാതയും 185 മൈൽ ഹൈവേ റോഡും ഏകദേശം 200 ചതുരശ്ര മൈൽ വനപ്രദേശവും മണ്ണിനടിയിലായി. ആയിരക്കണക്കിന് വന്യമൃഗങ്ങൾ ചത്തു. ഈ ഭൂപ്രദേശം ഇന്ന് വെറും തരിശു ഭൂമിയായി കിടക്കുകയാണ്.

18 മെയ് 1980 മുതൽ ഉണ്ടായ സ്ഫോടനങ്ങളാൽ ഇന്ന് മലയുടെ അടിവാരത്ത് ഏകദേശം 400 feet കട്ടിയിൽ ഊറൽപാറകൾ അടിഞ്ഞിരിക്കുന്നു. 12 ജൂൺ 1980 ൽ ഉണ്ടായ ഒരു സ്ഫോടനത്തിൽ ഒരു ദിവസംകൊണ്ട് (ചില മണിക്കൂറുകൾക്കുള്ളിൽ) ഏകദേശം നൂറോളം ഊറൽ അടുക്കുകൾ 25 feet കട്ടിയിൽ അടിഞ്ഞു. ഇവയിൽ ചില അടുക്കുകൾ ഒരു പേപ്പറിനെപ്പോലെ ഒരു മില്ലീമീറ്റർ കട്ടിയുള്ളതും ചിലത് ഏകദേശം ഒരു മീറ്ററിൽ കൂടുതൽ കട്ടിയുള്ളതും ആയിരുന്നു. ഈ പാറകൾ ഉണ്ടായി വരുന്നത് ആളുകൾ കണ്ടില്ലായിരുന്നുവെങ്കിൽ, ഇവ ആയിരക്കണക്കിന് വർഷ

ങ്ങളിലൂടെ ഉണ്ടായവയാണെന്ന് പരിണാമവാദിക യ ശാസ്ത്രജ്ഞന്മാർ വാദിച്ചേനെ.

ശക്തമായ ഒഴുക്കിൽ വരുന്ന മണ്ണ് അടിഞ്ഞ് ഊറൽ പാറകളുടെ അടുക്കുകൾ വേഗം ഉണ്ടാകുവാൻ സാധിക്കും എന്ന് സെയിന്റ് ഹെലൻസിലെ ഓരോ വലിയസ്ഫോടനവും തെളിയിച്ചിരിക്കുന്നു. ഭൂമുഖത്ത് ഉണ്ടായിട്ടുള്ള എല്ലാ മാറ്റങ്ങളും പരിണാമവാദികൾ പറയുന്നതുപോലെ സാവധാനമായ പ്രക്രിയയിലൂടെ അല്ല നടന്നിട്ടുള്ളത് എന്നതിന് ഈ സംഭവം ഒരു തെളിവാണ്. ഇന്ന് ഭൂഗർഭ ശാസ്ത്രീയ സ്തംഭത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഊറൽ പാറകളുടെ ഓരോ അടുക്കും ഉണ്ടായി വരുവാൻ ചില മാസങ്ങൾ മുതൽ ചില വർഷങ്ങൾ വരെ എടുത്തിട്ടുണ്ടായിരിക്കണം എന്ന് പരിണാമവാദികൾ വാദിക്കുന്നു. പക്ഷേ ഈ വാദത്തെ കാറ്റിൽ പറപ്പിച്ചുകൊണ്ട്, സെയിന്റ് ഹെലൻസിലെ സ്ഫോടനത്തിൽ നൂറുകണക്കിന് ഊറൽ അടുക്കുകൾ ചില മണിക്കൂറുകൾക്കുള്ളിൽ ഉണ്ടായി വന്നു. നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ ഉഗ്രതയെക്കുറിച്ച് ചിന്തിച്ചു നോക്കുമ്പോൾ ഇന്ന് കാണുന്ന ഊറൽ അടുക്കുകളെല്ലാം പ്രളയത്തിന്റെ ഒരു വർഷത്തിനുള്ളിൽ ഉണ്ടായി വന്നു എന്ന സൃഷ്ടിവാദികളുടെ വിശ്വാസം അശാസ്ത്രീയമല്ല.

അടുത്തതായി പ്രളയത്തിൽ ചത്ത ജീവികൾ കൂടുന്ന സങ്കീർണ്ണതയിൽ ഊറലിൽ അടിയുകയില്ല എന്ന പരിണാമവാദികളുടെ ആക്ഷേപത്തിനും മറുപടി ഉണ്ട്. പ്രളയത്തിൽ ജീവികൾ വിവിധ സമയങ്ങളിൽ ചത്ത് വിവിധ ഉയരങ്ങളിലുള്ള ഊറലിൽ അടിഞ്ഞതുകൊണ്ടാണ് അവ പല അടുക്കുകളിലും കൂടുന്ന സങ്കീർണ്ണതയിലും കാണപ്പെടുന്നത് എന്ന് സൃഷ്ടി വാദികൾ വിശദീകരിക്കുന്നു (മാസികയുടെ ഏപ്രിൽ 08 ലക്കം നോക്കുക)

ഒരു ആഗോള ജലപ്രളയത്തിനെതിരായി പരിണാമവാദികൾ കൊണ്ടുവരുന്ന രണ്ടു പ്രധാന ആക്ഷേപങ്ങൾക്കും മറുപടി ഉള്ളതിനാൽ നോഹയുടെ കാലത്ത് ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടില്ല എന്ന പരിണാമവാദികളുടെ നിലപാട് അവരുടെ മനസ്സോടെയുള്ള അവിശ്വാസത്തെ കാണിക്കുന്നു (2 പത്രൊസ് 3:5-7)

ഭൂമിയിൽ ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടുണ്ട് എന്നതിന് 3 തെളിവുകൾ താഴെക്കൊടുക്കുന്നു.

1. ഭൂമിയുടെ ഏകദേശം 80 ശതമാനം മുകൾപ്പരപ്പ് ഊറൽ പാറകളാൽ ആവൃതമാണ്. ശക്തമായ ഒഴുക്കിൽ വരുന്ന ഊറൽ അടിഞ്ഞാണ് ഊറൽ പാറകൾ ഉണ്ടാകുന്നത്. ഇതിൽ നിന്നും ഭൂമിയുടെ മിക്കവാറും എല്ലാ ഭാഗവും ഒരിക്കൽ ശക്തമായ ഒഴുക്കിനടിയിൽ ആയിരുന്നു എന്ന് തെളിയിക്കുന്നു.

2. ഊറൽ പാറകളിൽ എല്ലായിടത്തും കാണപ്പെടുന്ന ജീവാശ്മങ്ങൾ വെള്ളത്തിൽ മുങ്ങിച്ചത്ത ജീവികളുടെ അവശിഷ്ടങ്ങളാണ്. ഇന്ന് കോടിക്കണക്കിന് സംഖ്യയിൽ ലഭിച്ചിട്ടുള്ള ജീവാശ്മങ്ങൾ, ഭൂമിയിൽ ഒരിക്കൽ ഒരു വലിയ ജലപ്രളയം ഉണ്ടായിട്ടുണ്ട് എന്നതിന് തെളിവാണ്.(മിക്കവാറും എല്ലാ മലകളുടെ മുകളിൽ നിന്നും കടൽജീവികളുടെ ജീവാശ്മങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഒരു കാലത്ത് മലകളെല്ലാം വെള്ളത്തിനടിയിലായിരുന്നു എന്ന് തെളിയിക്കുന്നു.)

3. ദേവന്മാർ കോപിച്ചതു മൂലം ഒരു ആഗോള ജലപ്രളയം ഉണ്ടായി എന്നും ഒരു കുടുംബം മാത്രം ഒരു പെട്ടകത്തിൽ രക്ഷപെട്ടു എന്നും ഉള്ള കഥകൾ ഭൂമിയിലെ പ്രധാനപ്പെട്ട എല്ലാ മതങ്ങളും സംസ്കാരങ്ങളും (cultures) (ഈജിപ്റ്റുകാർ ഒഴിച്ച്) എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഈ കഥ ലോകത്തെങ്ങും എത്തുവാനുള്ള കരണം, ബാബേലിൽ നിന്ന് ഭൂമിയുടെ പല ഭാഗങ്ങളിലേക്ക് പിരിഞ്ഞുപോയവരെല്ലാം നോഹയുടെ വംശജരായിരുന്നു എന്നതാണ്. അവർ ചെന്നിടത്തൊക്കെയും ജലപ്രളയത്തിന്റെ കഥ കൊണ്ടുപോകുകയും പിന്നെ അത് അവരുടെ ഗ്രന്ഥങ്ങളിൽ എഴുതിവെയ്ക്കുകയും ചെയ്തു. ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്ന് ഒരു ആഗോള ജലപ്രളയത്തിന്റെ കഥകൾ ലഭിച്ചിരിക്കുന്നത് നോഹയുടെ കാലത്ത് ഇങ്ങനെ ഒരു ജലപ്രളയം ഉണ്ടായി എന്നതിന് ഏറ്റവും വലിയ തെളിവാണ്. (ഇതിനെതിരായി പരിണാമ വാദികൾ പറയുന്നതിതാണ്. ലോകത്തിലെ എല്ലാ സംസ്കാരങ്ങളും ഓരോ നദിയുടെ തീരത്താണ് നിലനിന്നിരുന്നത്. അതുകൊണ്ട് അവർക്ക് പല വെള്ളപ്പൊക്കങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ടായിരിക്കാം. ഈ വെള്ളപ്പൊക്കങ്ങളുടെ കഥയായിരിക്കാം ലോകത്തിൽ ഉടനീളെയുള്ള സംസ്കാരങ്ങളിൽ നിന്ന് ലഭിച്ചിരിക്കുന്നത്. പക്ഷേ ഈ വാദത്തിൽ കഴമ്പില്ല. ഓരോ സംസ്കാരവും അവരവരുടെ വെള്ളപ്പൊക്കത്തിന്റെ കഥയാണ് എഴുതിയിരിക്കുന്നതെങ്കിൽ ഈ കഥകളിൽ ഇത്രമാത്രം സാമ്യത എങ്ങനെ വന്നു? പെട്ടകത്തിൽ നിന്ന് ഒരു പ്രാവിനെ വിട്ട കാര്യത്തിൽ പോലും പല കഥകളും സാമ്യത കാണിക്കുന്നു. ഈ കഥകളിൽ പൊതുവായ സംഭവങ്ങൾ (commen events) പലതും ഉള്ളതിനാൽ ഇവയെല്ലാം ഒരേ ജലപ്രളയത്തിന്റെ വിവരണങ്ങളാണ് എന്നത് സ്പഷ്ടം. ബൈബിളിൽ മാത്രമാണ് ഈ സംഭവത്തിന്റെ ദൈവശ്വാസീയമായ വിവരണം ലഭിക്കുന്നത്. മറ്റു വിവരണങ്ങളെല്ലാം വികൃത ഭേദങ്ങൾ (distorted versions) ആണെങ്കിലും ഭൂമിയിൽ ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടുണ്ട് എന്നുള്ളതിന് ഈ കഥകൾ ഏറ്റവും വലിയ തെളിവാണ്.)

നോഹയുടെ കാലത്തെ ജലപ്രളയത്തെ ശരിയായി വ്യാഖ്യാനിക്കുമ്പോൾ ലഭിക്കുന്ന ശാസ്ത്രീയവും ആത്മീയവുമായ നിഗമനങ്ങളെക്കുറിച്ച് അടുത്ത ലക്കത്തിൽ ചിന്തിക്കാം. (തുടരും)

# ആരാധനയും കർത്തൃമേശയും

**ടി.പി. കനകരാജ്, ബാലരാമപുരം**

ആരാധന വേറെ, കർത്തൃമേശ വേറെ, ആരാധനയിൽ കർത്തൃമേശയ്ക്ക് സ്ഥാനമില്ല എന്നും കർത്തൃമേശയിൽ ആരാധനയില്ലാ എന്നും കർത്തൃമേശ കേവലം സഭയുടെ ഒരു ആചാരം മാത്രമാണ് അത് എപ്പോഴും എവിടെയും ആകാം എന്നുള്ള നൂതന ഉപദേശമാകുന്ന കാറ്റ് ഈ നാളുകളിൽ ആഞ്ഞുവീശുകയാണ്. ഇതിൽപ്പെട്ട് ചിലർ ഇളകുകയും ചെയ്യുന്നു. ദൈവവചനം കൂലങ്കഷമായി പരിശോധിച്ചാൽ പ്രസ്തുത പഠിപ്പിക്കൽ കഴമ്പില്ലാത്തതും വചനവിരുദ്ധവുമാണ് എന്നു മനസ്സിലാക്കാം.

ആരാധന എന്ന പദത്തിന് ഒരു വാക്കു കൊണ്ടോ ഒരു വാക്യം കൊണ്ടോ അർത്ഥം പറയുവാൻ പ്രയാസമാണ്. (ത്രിത്വം എന്ന വാക്കിന് അതിന്റെ ആശയം തിരുവെഴുത്തിൽ നിന്നും ഒരു വാക്യം കൊണ്ട് തെളിയിക്കുവാൻ പ്രയാസമാണല്ലോ) നമസ്കരിക്കുക, പ്രണമിക്കുക, മഹത്വം കൊടുക്കുക, ആദരവ് കാണിക്കുക, സേവിക്കുക, പൂജിക്കുക, മുട്ടുകുത്തുക, കുനിയുക, അർപ്പിക്കുക, ഭക്തിയോടെ പെരുമാറുക തുടങ്ങിയവ ആരാധന എന്ന പദത്തിന്റെ നിർവചനങ്ങളാകുന്നു. അത്യുന്നതനായ ദൈവത്തിന്റെ മഹത്വത്തേയും മർമ്മത്തെയും സ്നേഹത്തെയും അറുക്കപ്പെട്ട-യാഗമായ-കുഞ്ഞാടായ യേശുക്രിസ്തുവിൽക്കൂടി ആത്മീയദൃഷ്ട്യാ ദർശിച്ചുകൊണ്ട് തിരുസവിധത്തിൽ പരിശുദ്ധാത്മാവാൽ നിറഞ്ഞു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും സ്തുതിയും സ്തോത്രവും ഒക്കെ അർപ്പിക്കുന്നതാണ് സാക്ഷാൽ ആരാധന അഥവാ ഭക്തിയുള്ള സത്യ ആരാധന.

തിരുവെഴുത്തിൽ ആരാധനയെപ്പറ്റി പറഞ്ഞിരിക്കുന്ന ഏറിയ പങ്കിലും യാഗത്തോട് ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. അബ്രാഹാം യാഗപീഠം ഉണ്ടാക്കി യാഗം അർപ്പിച്ചു യഹോവയെ ആരാധിച്ചു (ഉല്പത്തി 12:8; 13:8). അബ്രാഹാം മകനെ ഹോമയാഗം കഴിപ്പാൻ പോകുന്നതിനെക്കുറിച്ച് പറയുമ്പോൾ ആരാധന കഴിപ്പാൻ പോകുന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഉല്പത്തി 22:3,5). യിസ്രായേൽജനം മിസ്രയീമിൽ നിന്ന് ദൈവത്തിന് യാഗം കഴിപ്പാൻ പോകുന്നതിനെ ആരാധന കഴിപ്പാൻ പോകുന്നു എന്ന് പുറപ്പാട് പുസ്തകത്തിൽ നിരവധി സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നത് കാണാം (പുറ. 7:16; 8:1,20; 9:1,3; 10:3,7,8,11,24, 26; 12:31) ഈ വാക്യങ്ങളുടെ നിരയിൽ 10:24–26 വരെയുള്ള വാക്യങ്ങളിൽ കന്നുകാലികളെ കൊണ്ടുപോകേണ്ടാ എന്നുള്ള ഫറവോന്റെ തന്ത്രപൂർവ്വമായ ഉപദേശം നിരസിച്ചുകൊണ്ട് അവർ പറയുന്നത് ശ്രദ്ധിക്കുക. "അതിൽ നിന്നല്ലോ എടുത്തു-യാഗം നടത്തി-ദൈവത്തെ ആരാധിക്കേണ്ടത് എന്നുള്ള വാക്ക് ആരാധനയിൽ യാഗത്തിന്റെ സ്ഥാനത്തെ ഉറപ്പിക്കയാണ്. മാത്രമല്ലാ ലേവ്യപുസ്തകത്തിൽ കാണുന്ന അനവധിയായ യാഗങ്ങളുടെ നിവൃത്തി ക്രിസ്തുവിന്റെ ക്രൂശു മരണത്തിലാണ് എന്നു പഠിപ്പിക്കുന്ന എബ്രായ ലേഖനത്തിൽ യാഗവും ആരാധനയും വേർപിരിപ്പാനാവത്തതാണ് എന്നു വ്യക്തമാക്കുന്ന വേദഭാഗം ശ്രദ്ധിക്കുക. "ആരാധന'ക്കാരന് മനസാക്ഷിയിൽ പൂർണ്ണ സമാധാനം വരുത്തുവാൻ കഴിയാത്ത "വഴിപാടും യാഗവും" അർപ്പിച്ചു പോരുന്നു (എബ്രാ. 9:9). "ആരാധന"ക്കാർക്ക്......"യാഗം" കഴിക്കുന്നത് നിന്നു പോകയില്ലയോ (എബ്രാ. 10:2). "ക്രിസ്തുവിന്റെ രക്തം"- യാഗം-ജീവനുള്ള ദൈവത്തെ "ആരാധിപ്പാൻ" (എബ്രാ9:14). ഈ ഉദ്ധരണികളിലൂടെ യാഗം അർപ്പിക്കലാണ് ആരാധന എന്നും ഇവയെ തമ്മിൽ പിരിപ്പാനാവില്ല എന്നും മനസ്സിലാക്കാം. എന്നു മാത്രമല്ലാ പഴയനിയമത്തിൽ നടന്നിരുന്ന യാഗങ്ങളുടെ നിവൃത്തിയായിട്ടാണ് ക്രിസ്തുവിന്റെ ക്രൂശു മരണം നടന്നത്. ആകയാൽ നമുക്ക് ദൈവത്തെ ആരാധിപ്പാൻ ക്രിസ്തുവിന്റെ ക്രൂശുമരണമാണ് സഹായമായിരിക്കുന്നത്. ഈ യാഗത്താലുള്ള പാപ നിവൃത്തി പ്രാപിക്കാത്ത ഒരാൾക്കും ദൈവത്തെ ആരാധിപ്പാൻ കഴിയുകയുമില്ലാ (എബ്രാ. 9:14).

ആകയാൽ പുതിയനിയമ വിശ്വാസിക്ക് ദൈവത്തെ ആരാധിക്കുമ്പോൾ തന്റെ ക്രൂശു മരണം- യാഗം മറക്കുവാൻ കഴിയുമോ? ഇതില്ലാതെയുള്ള ആരാധന കയീന്റെ ആരാധനയല്ലയോ? വെളി. 5,7 അദ്ധ്യായങ്ങളിൽ രക്ഷിത ഗണങ്ങളുടെ ആരാധനയെപ്പറ്റി പറയുമ്പോൾ ക്രിസ്തുവിനെ അറുക്കപ്പെട്ട യാഗമായ-കുഞ്ഞാട് എന്നും തന്റെ രക്തത്താൽ ഉള്ള മോചനത്തെയും എടുത്തു പറഞ്ഞിരിക്കുന്നുണ്ട്. എന്തുകൊണ്ട് അറുക്കപ്പെട്ട കുഞ്ഞാടിനെ കൂടാതെ അവർക്ക് ആരാധിപ്പാൻ കഴിയാഞ്ഞതിനാൽ തന്നെ. ഇത്തരുണത്തിൽ യാഗത്തിന്-ആരാധനയ്ക്ക്-ആട്ടിൻകുട്ടി എവിടെ? എന്ന യിസ്ഹാക്കിന്റെ ചോദ്യം പ്രസക്തമാണ്. ആരാധനയ്ക്ക് യാഗം അനിവാര്യം തന്നെയാണ്. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തെയും ക്രൂശുമരണത്തെയും (യാഗം) പ്രസ്താവിക്കുന്ന സ്മാരക വസ്തുവാണ് അപ്പവീഞ്ഞുകളടങ്ങുന്ന കർത്തൃമേശ. ഇത് ആചരിക്കുവാൻ കൂടുമ്പോൾ നമ്മോടുള്ള ദൈവസ്നേഹം, തന്റെ മഹത്വം, ക്രിസ്തുവിന്റെ ക്രൂശു മരണം നാം ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നു. ഒപ്പം നാം ദൈവത്തെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു. മുട്ടുകുത്തി നമസ്കരിക്കുന്നു. ഉള്ളം പുളകംകൊള്ളുമാറ് സങ്കീർത്തനങ്ങളാലും ആത്മീയ ഗീതങ്ങളാലും ഭക്തിയോടെ

"ദൈവത്തിൻ കുഞ്ഞാടേ സർവ്വ വന്ദനത്തിനും യോഗ്യൻ നീ ജ്ഞാനവും ശക്തിയും ധനം, ബലം, സ്തുതി ബഹുമാനമെല്ലാം നിനക്കേ" എന്നു പാടി നാം അവനെ ആരാധിക്കുന്നു! എന്നാൽ ഇതല്ലാതെയും മറ്റുള്ളദിനങ്ങളിലും എല്ലാ സമയത്തും നാം ദൈവത്തിന്റെ നൻമകളെ ഓർത്ത് സ്തുതിയും സ്തോത്രവും അർപ്പിക്കണം (സങ്കീ. 103:1-2).

കർത്തൃമേശ ഉപേക്ഷിച്ചിട്ട് സ്തുതിയും സ്തോത്രവും കുറെ നേരം ഉരുവിട്ടതുകൊണ്ടും സ്തോത്രവും സ്തുതിയും ബഹുമതിയും തുടങ്ങിയവയെല്ലാം ഉപേക്ഷിച്ചിട്ട് കർത്തൃമേശ മാത്രം ആചരിച്ചതു കൊണ്ട് അത് സഭയായുള്ള ആരാധനയാകുന്നില്ലാ. പുതിയനിയമ സഭ കർത്തൃമേശ ആചരിക്കാൻ കൂടിവന്നതിനെക്കുറിച്ചാണ് പൗലൊസ് 1 കൊരി 11 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നത്. ആ കൂടിവരവിൽ കർത്തൃമേശ മാത്രമല്ല പ്രത്യുത സ്തോത്രവും സ്തുതിയും സങ്കീർത്തനവും ഉപദേശവും വെളിപാടും അന്യഭാഷയും വ്യാഖ്യാനവും ഉണ്ടായിരുന്നു. ഇവയിൽ ഇന്ന് നിന്നുപോയ വരങ്ങൾ ഒഴിവാക്കി ചിന്തിക്കുക (1 കൊരി 11:17, 23-26;14:26-27) കർത്തൃമേശ അവർ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തന്നെ ആചരിച്ചിരുന്നു (അ.പ്ര. 20:7, 1 കൊരി. 16:2). ഇന്നും നാം അങ്ങനെ തന്നെ ചെയ്യണം. ഈ ക്രമത്തിന് മാറ്റം വരുത്തുവാൻ ഒരാൾക്കും അവകാശമില്ലാ. കർത്തൃമേശയോടുകൂടി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അല്ലാതെ മറ്റൊരു ആരാധനയ്ക്ക് സഭ എവിടെയും കൂടിവന്നതായി തിരുവെഴുത്തിൽ രേഖയില്ല.

എങ്കിലും ഇപ്പോൾ ചിലർ ഞായറാഴ്ചയുള്ള പാവനമായ സഭയായുള്ള ആരാധനയെ തീരെ വിലകുറച്ച് കാണുന്ന പ്രവണത ദുഃഖകരമാണ്. ഈ കൂടിവരവിനെ ആരാധന എന്നു പറയുവാൻ അവർ മടിക്കുന്നു. ആരാധനയെ ആരാധന എന്നും അപ്പം മുറിക്കൽ എന്നും രണ്ടായി വിഭജിക്കുന്നു. ഞായറാഴ്ച ആരാധിക്കുന്നില്ലാപോലും അന്നു കേവലം അപ്പം മുറിക്കൽ മാത്രം. ആരാധിക്കുന്നത് മറ്റു ദിനങ്ങളിലും, സൗകര്യം പോലെയും! ഇതിൽ ആർക്കും സംബന്ധിക്കാം ഹാ എന്തൊരു വിചിത്രം! ഭവനാരാധന, അടക്ക ആരാധന, വിവാഹാരാധന, സ്തോത്രാരാധന എന്നൊക്കെ ഉരുവിടുന്ന മറ്റു സഭാവിഭാഗങ്ങളെ രൂക്ഷമായി വിമർശിച്ചിരുന്ന നമ്മുടെ ഇടയിൽ അവയൊക്കെ അരങ്ങേറുന്നത് ഖേദകരം തന്നെ. ഒരു സുവിശേഷ യോഗത്തിന്റേയോ, വിവാഹശുശ്രൂഷയുടേയോ, ശവസംസ്കാരത്തിന്റേയോ, ക്യാമ്പ് ദിനങ്ങളിലോ, ഏവംവിധ കൂടിവരവിന്റെ തുടക്കത്തിലോ ഒടുക്കത്തിലോ അല്പസമയം സ്തുതിയും സ്തോത്രവും അർപ്പിച്ചാൽ അത് സഭയായുള്ള ആരാധനയാകുമോ? അതിനെ ആരാധന എന്നു പറയുവാൻ തിരുവെഴുത്ത് അനുവദിക്കുന്നുവോ? ഇല്ലാ എന്തുകൊണ്ടെന്നാൽ സഭയായുള്ള ആരാധന എന്നത് വെറും സ്തുതിയും സ്തോത്രവും മാത്രമല്ലാ. ആരാധനയോട് ബന്ധപ്പെട്ടതെല്ലാം ചേർന്നു സമ്മേളിക്കുമ്പോഴാണ് ആരാധനയാകുന്നത്. ആരാധനയ്ക്കായി കൂടുമ്പോൾ നടത്താറുള്ള പാട്ടും സ്തോത്രാർപ്പണവും സ്തോത്രകാഴ്ചയും വചനശുശ്രൂഷയും കർത്തൃമേശയും ആരംഭപാട്ടു മുതൽ അവസാന ആശിർവാദം വരെയുള്ള എല്ലാം സഭയായുള്ള ആരാധനയുടെ ഭാഗങ്ങളാണ്. ഇവയെല്ലാം ചേർന്നതാണ് സഭയായുള്ള ആരാധന. സ്തോത്രവും സ്തുതിയും ആരാധനയുടെ ഒരു ഘടകം മാത്രമാണ്. അതിൽ തന്നെ ആരാധന പൂർണ്ണമല്ലാ. നാം ഈ വിഷയത്തിൽ മറ്റെല്ലാ വിഷയത്തിലും എന്നപോലെ ജാഗ്രതയോടെ ഇരിക്കേണ്ട സമയമാണിത്. നാം ഇപ്പോൾ ഭൂമിയിൽ കർത്തൃമേശയോടുകൂടി സഭയായി ദൈവത്തെ ആരാധിക്കുന്നു. വളരെ വേഗത്തിൽ നാം സ്വർഗ്ഗത്തിൽ ചേർക്കപ്പെടും. ആരാധന അവിടെയും തുടരും എന്നാൽ അവിടെ കർത്തൃമേശ ഉണ്ടായിരിക്കുകയില്ല. കർത്തൃമേശയുടെ പൊരുളായ കർത്താവിനെ അപ്പോൾ മുഖതാവിൽ നാം കാണും. അവന്റെ പാദപത്മങ്ങളിൽ വീണ് ആരാധിക്കും (വെളി. 22:3). ●

### ഫീബാ കോൺഫറൻസ് 2008

**വാഷിംഗ്ടൺ** : 2008 ലെ ഫീബാ കോൺഫറൻസ് വാഷിംഗ്ടൺ ഡി.സിയിൽ വെച്ച് ജൂലൈ 31 - ആഗസ്റ്റ് 3 വരെ നടക്കുന്നതാണ്. "Believers Glorious Inheritance" എന്നതാണ് ക്യാമ്പ് തീം. ജോൺ പി. തോമസ്, അലക്സാണ്ടർ കുര്യൻ, ബിനു സാമുവേൽ, റെയ് ഗൊൺസാലെസ്, ഡൗഗ് കാസെൻ എന്നിവരെ കൂടാതെ ഇന്ത്യയിൽനിന്നും സന്ദർശനത്തിനെത്തുന്ന സുവിശേഷകന്മാരും കോൺഫറൻസിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്. സാഹിത്യ സമ്മേളനം, സെമിനാറുകൾ, കുട്ടികൾക്കായുള്ള പരിപാടികൾ, യുവജന സമ്മേളനം, സഹോദരിമാർക്കുവേണ്ടിയുള്ള പരിപാടി എന്നിവ കോൺഫറൻസിൽ ഉണ്ടായിരിക്കുന്നതാണ്. ഈ കോൺഫറൻസിന്റെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥന ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : - ദാനിയേൽ ജോൺസൺ - 631-645-3745, ഐസക് മണ്ണൂർ - 718-309-6231, ഡിൻസിൽ ജോർജ്ജ് - 516-528-0425 FIBA, P.O. Box 661383, Bronx, New York 10466, E-Mail- fiba@fibana.com, www.fibana.com

## വിലാസമാറ്റം

**എറണാകുളം** : എറണാകുളം സൗത്ത് ബെഥേൽ ബ്രദറൺ സഭയുടെ വിലാസം താഴെച്ചേർക്കുന്നു. Bethel Brethren Church, Ernakulam (South), S.A. Road, Opp. Malayala manorama, Kochi-682 036 എന്ന് സഭയ്ക്കു വേണ്ടി E.M. Thomas, V.V, Poulose.

# പ്രാദേശിക സഭയുടെ പ്രാധാന്യം

ഡോ. സൈലസ് സി. നായർ

യേശുക്രിസ്തു സ്വന്ത രക്തം കൊടുത്തു സമ്പാദിച്ചതാണ് സഭ ( അ.പ്ര. 20. 28) ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു ( എഫെ 5. 25) ഇന്നു അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇന്നു കർത്താവു തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും വാദിക്കുകയും ചെയ്യുന്നു. ഇന്നുള്ള തന്റെ ശുശ്രൂഷ സഭയ്ക്കുവേണ്ടി മാത്രമുള്ളതാണ്. ക്രിസ്തുവിന് തന്റെ സഭയെക്കുറിച്ചുള്ള പ്രാധാന്യത്തെയാണ് ഇത് കുറിക്കുന്നത്.

**1. സഭ എന്നാൽ എന്താണ് ?**

സഭ സുസംഘടിതമായ അഥവാ സംയോജിതമായ ഒരു ജൈവഘടനയാണ്. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു യേശു കർത്താവുപറഞ്ഞു. ( മത്താ. 16:18). അവൻ തന്റെ സഭയെയാണ് പണിയുന്നത്. പക്ഷേ നമ്മെ അവൻ തന്റെ സഹപ്രവർത്തകരായി വിളിച്ചിരിക്കുന്നു. ( 2 കൊരി 6.1) ഈ നിർമ്മാണ പ്രവർത്തനത്തിൽ ജീവനുള്ള കല്ലുകളാണ് ആത്മീയഗൃഹമായി പണിയപ്പെടുന്നത് (1 പത്രൊ 2.5) സഭ തന്നെത്താൻ സഹായിക്കുന്നതും വളരുന്നതുമായ ഒരു ജീവത്ഘടകമാണ്. 2 പ്രധാന കാര്യങ്ങൾ ഇവിടെ വളരെ പ്രസക്തമാണ്. ഒന്ന് .നാം നിർമ്മാണ പ്രവർത്തകരാണ് . പൗലൊസ് എഴുതുന്നു "എനിക്ക് ലഭിച്ച ദൈവകൃപയ്ക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു. മറ്റൊരുത്തൻ മീതെ പണിയുന്നു. താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ" ( 1 കൊരി 3.10) അപ്പൊസ്തലൻ പറയുന്നത് ശരിയായ പദ്ധതി പ്രകാരം പണിയുക എന്നതാണ്.

കർത്താവു നമ്മൾക്ക് ഒരു ബ്ലൂപ്രിന്റ് നല്കിയിട്ടുണ്ട്. അതു നാം കൃത്യമായി അനുസരിക്കുന്നുവെങ്കിൽ നാം നല്ലതായി പണിയും. ആരംഭത്തിൽ ദൈവീക ആർക്കിടെക്ടിന്റെ പദ്ധതിയിൽനിന്നും അല്പമായി വ്യതിചലനം എങ്കിലും ഉണ്ടായാൽ അവസാനം അപകടകരമായിരിക്കും ഫലം. നേതാക്കന്മാർ ഇതെക്കുറിച്ച് വളരെ ബോധവാന്മാരായിരിക്കണം. നല്ല വഴിയിൽ കൂടെ അവർ നടക്കുകയും, നയിക്കുകയും വേണം. നല്ല പദ്ധതിയും നല്ല വഴിയും ഒരുമിച്ച് ചേരണം. ദൈവം നല്കാത്ത ബ്ലൂപ്രിന്റ് അനുസരിച്ചു പണിയുകയും, ദൈവീകമല്ലാത്ത വഴിയിൽ കുടെ നയിക്കുകയും ചെയ്യുന്ന നേതാക്കളെ യെശയ്യാവിന്റെ വാക്കുകളെ ഓർമ്മിപ്പിക്കുക മാത്രമെ ചെയ്യുന്നുള്ളൂ. ഈ ജനത്തെ നടത്തുന്നവർ അവരെ തെറ്റിച്ചുകളയുന്നു. അവരാൽ നടത്തപ്പെടുന്നവർ നശിച്ചു പോകുന്നു. എന്തുകൊണ്ടാണത് ? എന്റെ ജനമെ നിന്നെ നടത്തുന്നവർ നിന്നെ വഴിതെറ്റിക്കുന്നു. നീ നടക്കേണ്ടുന്ന വഴി അവർ നശിപ്പിക്കുന്നു. (യെശ 9.16, 3.12)

ദൈവം അബ്രഹാമിനും അവന്റെ സന്തതിക്കും കനാൻദേശം വാഗ്ദത്തം ചെയ്തു. അവർക്കു നല്കിയ ഉപദേശം ഇതായിരുന്നു. നിന്റെ പിതാക്കന്മാരുടെ ദൈവവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശത്ത് നിങ്ങൾ വരുമ്പോൾ നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന് നിങ്ങളുടെ സകലഗോത്രങ്ങളിലും വെച്ച് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നിങ്ങൾ തിരുനിവാസ ദർശനത്തിനായി ചെല്ലേണം. അവിടെ തന്നെ നിങ്ങളുടെ ഹോമയാഗങ്ങൾ ഹനനയാഗങ്ങൾ.........എന്നിവയെ നിങ്ങൾ കൊണ്ടു ചെല്ലണം.. ( ആവ 12.1,5,6) മറ്റെല്ലാ സ്ഥലങ്ങളിൽ നിന്നും ദൈവം തിരഞ്ഞെടുത്ത സ്ഥലത്ത് അവർ വന്ന് കൂടേണ്ടതിന്റെ പ്രാധാന്യം ആ സ്ഥലം യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന് തിരഞ്ഞെടുത്ത സ്ഥലമാണ് എന്നുള്ളതാണ്. വാഗ്ദത്തദേശം ജനത്തിനുള്ളതാണ്. പക്ഷേ ഈ സ്ഥലം ദൈവത്തിനുള്ളതാണ്. തന്റെ നാമം സ്ഥാപിക്കേണ്ടതിന് ദൈവം തിരഞ്ഞെടുത്തതാണ്. ഇവിടെ വെച്ചാണ് ദൈവം തന്റെ ജനത്തിന്റെ ആരാധന സ്വീകരിക്കുന്നത്.

ആവർത്തന പുസ്തകം ദൈവനിവാസമായ ദൈവാലയത്തെക്കുറിച്ചും ദൈവജനങ്ങൾ അവിടെ എന്തിനുപോകുന്നു എന്നതിനെക്കുറിച്ചും പല കാര്യങ്ങളും വിശദീകരിക്കുന്നു.

1. ഹോമയാഗങ്ങളും ഹനനയാഗങ്ങളും അർപ്പിക്കേണ്ട സ്ഥലമാണിത് (ആവ.12. 5-7)
2. വേർപാടിന്റെ സ്ഥലമാണിത് ( ആവ. 12. 11-18)
3. ദൈവത്തെ ഭയപ്പെടുവാൻ പഠിക്കേണ്ട സ്ഥലമാണിത് (ആവ.14: 23-27)
4. അവർക്കുള്ളതിൽ മേൽത്തരമായതിനെ യാഗമർപ്പിക്കുന്ന സ്ഥലമാണിത് (ആവ. 15: 19-23)
5. ഓർമ്മയുടെ സ്ഥലമാണിത് ( ആവ. 16 : 1-8)
6. ദൈവത്തിന്റെ നിയമങ്ങൾ അനുസരിക്കേണ്ട സ്ഥലമാണിത് ( ആവ. 16: 9-15)
7. വ്യവഹാരങ്ങളും ആവലാതികളും വിധിക്കപ്പെടുന്ന സ്ഥലമാണിത് ( ആവ. 17. 8- 13)
8. ലേവ്യർ ശുശ്രൂഷ ചെയ്യുന്ന സ്ഥലമാണിത് ( ആവ. 18: 1- 8)
9. ആരാധനയുടെ സ്ഥലമാണിത് ( ആവ. 26:1 - 11)
10. ഭവനങ്ങളിലെ എല്ലാ ജനങ്ങളോടും ദൈവവചനം ഘോഷിക്കപ്പെടുന്ന സ്ഥലമാണിത് (ആവ. 31: 9-13)

ഇസ്രായേൽ മക്കളുടെ ജീവിതത്തിൽ അതിപ്രാധാനമായ ഒരു സ്ഥലമാണ്, യഹോവ തന്റെ നാമം സ്ഥാപിച്ചിട്ടുള്ള ദൈവാലയം.

പുതിയ നിയമത്തിൽ തത്തുല്യമോ, അധികമോ ആയ ഒരു സ്ഥലമാണ് ജീവനുള്ള ദൈവത്തിന്റെ ആലയമായ സഭ.

ദൈവം തന്റെ ജനങ്ങളോട് ഇടപ്പെടുന്ന മാർഗ്ഗങ്ങൾ വിവിധങ്ങളാണ്. പക്ഷെ അവനു മാറ്റമില്ല അവന്റെ സ്വഭാവത്തിനു മാറ്റമില്ല. അവന്റെ തത്വങ്ങൾക്കും മാറ്റമില്ല. ഇന്ന് ദൈവം വിശ്വാസികളായ വ്യക്തികളിൽ വസിക്കുന്നു. ( 1 കൊരി 6:.19)

ദൈവം തന്റെ വിശുദ്ധ മന്ദിരമായ സാർവ്വത്രീക സഭയിൽ വസിക്കുന്നു ( എഫെ 2.21)

ദൈവം പ്രാദേശിക സഭയിൽ വസിക്കുന്നു ( 1 കൊരി 1.2, 3:-16) സഭയിലുള്ളവരേവരും ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് ( 1 കൊരി 1:2) അവർ വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുമാണ്.( ആവ. 26:18)

പുതിയ നിയമത്തിൽ പ്രാദേശിക സഭയ്ക്കുള്ള സ്ഥാനമെന്താണ് ? യഹോവയായ ദൈവം മോശമുഖാന്തിരം ഇസ്രായേൽ മക്കളോടു കല്പിച്ചതായി അവർ കൂടി വരേണ്ടസ്ഥലത്തെക്കുറിച്ചു പറഞ്ഞതെല്ലാം പുതിയ നിയമസഭയിലും ബാധകമല്ലോ?

സഭ സ്ഥലമോ , കെട്ടിടമോ അല്ല വിശ്വാസികളുടെ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് എന്നത് ശരി തന്നെ. പക്ഷെ ഒരു പ്രാദേശിക സഭ ഒരു സമയം ഒരു സ്ഥലത്തുമാത്രമേ കൂടിവരുവാൻ സാധിക്കുകയുള്ളൂ എന്നോർക്കണം.

1. സഭായോഗങ്ങളും വഴിപാടുകളും അർപ്പിക്കുന്ന സ്ഥലമാണ് ( 1 പത്രൊ. 2:5,9)
2. സഭ വേർപ്പെട്ട ജനങ്ങൾ കൂടി വരുന്ന വേർപാടിന്റെ സ്ഥലമാണ് ( 1 കൊരി 1: 10-31)
3. ദൈവത്തെ ഭയപ്പെടുവാൻ പഠിക്കുന്ന സ്ഥലമാണിത് ( 1 തിമോ 5.20, 2 കൊരി 6.16,7. 1)
4. വിശ്വാസികൾ മെച്ചമായുള്ളത് യാഗമർപ്പിക്കുന്ന സ്ഥലമാണിത് ( 1 പത്രൊ 4.11)
5. ഓർമ്മയുടെ സ്ഥലമാണിത് ( 1 കൊരി 11.17-34)
6. ദൈവകല്പനകൾ പ്രമാണിക്കപ്പെടുന്ന സ്ഥലമാണിത് ( 1 കൊരി 11.2, തെസ്സ 2.15)
7. ദൈവജനങ്ങളുടെ വ്യവഹാരങ്ങൾ പരിഹരിക്കപ്പെടുന്ന സ്ഥലമാണിത് ( മത്താ. 18.15-22)
8. പുരോഹിതവർഗ്ഗത്തിന്റെ സ്വാതന്ത്ര്യം നിവർത്തിക്കപ്പെടുന്ന സ്ഥലമാണിത് ( 1 കൊരി .14)
9. ആരാധനയുടെ സ്ഥലമാണിത് ( യോഹ. 4.24, 1 കൊരി 14. 23-25)
10. ദൈവവചനം ഘോഷിക്കപ്പെടുന്ന സ്ഥലമാണിത് ( 2 തിമൊ 4.2)

ദൈവത്തെ ആരാധിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും മാനുഷിക ജ്ഞാനമോ,ചിന്തയോ അരുത്. പഴയനിയമത്തിലെ പോലെ പുതിയ നിയമത്തിലും നാം എങ്ങനെ അവനോടടുക്കണമെന്നും ആരാധിക്കണമെന്നും, ശുശ്രൂഷിക്കണമെന്നും ദൈവം കല്പിച്ചിട്ടുണ്ട്. നമ്മുടേതായ ജ്ഞാനമോ മാർഗ്ഗമോ നാം തൊടുന്നതെല്ലാം അശുദ്ധമാക്കിമാറ്റുന്നു. നാം ദൈവവചനത്തിൽനിന്നും വ്യതിചലിക്കുന്നത് നമ്മുടെ തന്നെ നാശത്തിനാണ്.

ഓരോരുത്തൻ താന്താനു ബോധിച്ച പ്രകാരം ഒക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്. (ആവ. 12.8) നിനക്കു ബോധിക്കുന്നിടത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക ( ആവ. 12.13) കർത്താവിന്റെ അത്താഴം എപ്പോഴും എവിടെയും ആകാം എന്ന് ശഠിക്കുന്നത് ഉചിതമല്ല.

സഭ മറ്റു സംഘടനകളെപ്പോലെ ഒരു സംഘടന അല്ലെങ്കിലും സംഘടിതമാണ്. വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടമാണല്ലോ സഭ. വെട്ടുക്കിളിക്ക് രാജാവില്ല. എങ്കിലും അതൊക്കെയും അണിയണിയായി പുറപ്പെടുന്നു ( സദൃ 30.27) ഇതും നാം ഓർക്കേണ്ടതാണ്. ദൈവത്തിന്റെ ഭവനമാണ് സഭ. അവിടെ പിതാക്കന്മാരും, യുവാക്കളും, കുഞ്ഞുങ്ങളുമുണ്ട്. ( 1 യോഹ. 2.12-14) അവിടെ അദ്ധ്യക്ഷന്മാരും, ശുശ്രൂഷകന്മാരും, വിശുദ്ധന്മാരുമുണ്ട് ( ഫിലി 1.1) ഇവരെല്ലാം അന്യോന്യം ശുശ്രൂശിക്കുന്നവരും ശുശ്രൂഷ ഏല്ക്കുന്നവരുമാണ്. ദൈവത്തിന്റെ കുടുംബം ഒന്നിച്ച് വളരേണം. ആരോഗ്യത്തോടെ വളരേണം. സഭ ജീവിതത്തിലും ശുശ്രൂഷയിലും സംഘടനകൾ കൈകടത്തുവാൻ ശ്രമിക്കരുത്. അവർ ഒരു പക്ഷെ നല്ല വേലയായിരിക്കും ചെയ്യുന്നത്. പക്ഷെ തെറ്റായ രീതിയിൽ ദൈവവചനത്തിനും അനുയോജ്യമല്ലാത്ത രീതിയിൽ ചെയ്യരുത്. നാം നമ്മുടെയും നാം നയിക്കുന്നവരുടേയും നന്മയ്ക്ക് അല്ലാതെ ഒന്നും ചെയ്യരുതല്ലോ ? ദൈവം നല്കിയ (ബ്ലൂപ്രിന്റ്) രേഖാരൂപ പ്രകാരമല്ലാതെയും നേരായ മാർഗ്ഗത്തിലല്ലാതെയും ചെയ്യുന്ന പ്രവൃത്തികൾ വെന്തുപോകുമല്ലോ ?

ഭൂതകാലത്ത് സഭ ദൈവത്തിൽ മറഞ്ഞു കിടന്ന മർമ്മം ആയിരുന്നു. ( എഫെ. 3.9)

കാലാസമ്പൂർണ്ണതയിൽ ക്രിസ്തു സ്വന്തരക്തം കൊടുത്തു സഭയെ സാമ്പാദിച്ചു ( അപ്പൊ. 20.28, എഫെ.5.25)

ഭാവിയിൽ സഭ ക്രിസ്തുവിന്റെ നിത്യമണവാട്ടിയാണ് ( വെളി. 19.78)

പക്ഷെ ഇന്ന് ? സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ് സഭ. സത്യത്തിന്റെ അടിസ്ഥാനത്തിലും സത്യം പ്രഘോഷിച്ചുകൊണ്ടും കർത്താവിന്റെ സാക്ഷ്യം വഹിപ്പാനും സഭ ബാദ്ധ്യസ്ഥയാണ്.

മണവാട്ടി എന്ന നിലയിൽ സഭ പാതിവ്രതം കാത്തുസൂക്ഷിക്കണം. ദൈവലായമെന്ന നിലയിൽ സഭയുടെ വിശുദ്ധി സൂക്ഷിക്കണം. സാക്ഷി എന്ന നിലയിൽ സഭ വിശ്വാസ്യത പാലിക്കണം.

സഭ സംഘടിതമാണെന്നു പറഞ്ഞുവല്ലോ. നമ്മുടെ ദൈവം എല്ലാം ക്രമമായി ചെയ്യുന്നവനാണ്. സംശയതീതമായും, പൂർണ്ണമായി നിർവ്വഹിച്ച വാക്കുകളാലും ദൈവം തന്റെ സഭയിൽ നാം പാലിക്കേണ്ട ക്രമത്തെക്കുറിച്ചും വ്യക്തമായി നമ്മെ അറിയിച്ചിട്ടുണ്ട്. ( 1 കൊരി. 14, 33,40, തിത്തൊ 1.5, 1 തിമൊ 3.15)ക്രമം കെട്ടുള്ള ഏതു പെരുമാറ്റവും ദൈവനാമത്തിന് കളങ്കമേ വരുത്തി വയ്ക്കുകയുള്ളൂ. ദൈവജനം അതിൽനിന്നും പിന്മാറണം.

**2. പ്രാദേശിക സഭയുടെ ഐക്യത**

പ്രാദേശിക സഭയുടെ പ്രാധാന്യത്തിന്റെ ഒരു പ്രധാനഘടകമാണ് ഐക്യത. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കുകയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ആത്മാവിന്റെ ഐക്യത സമാധാനബന്ധനത്തിൽ കാക്കുവാൻ ശ്രമിക്കുകയും ചെയ്വിൻ ( എഫെ. 4. 2–3) എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. ഈ ഐക്യം ഇല്ലാതെ പക്വതയും ( 4. 1–11) പവിത്രതയും ( 4. 17–34) സാദ്ധ്യമല്ല. അതുകൊണ്ട് ഈ ഐക്യതയെ ഹിംസിക്കുന്ന എല്ലാം ഒഴിഞ്ഞുമാറണം. ആദിമ വിശ്വാസികൾ ഒരുമനപ്പെട്ടു ജീവിച്ചു. അവരെ ലോകത്തിൽ നിന്ന് എന്ത് / ആർ വേർതിരിച്ചുവോ അതു തന്നെ അവരെ ഒന്നിച്ചുചേർക്കുകയും ചെയ്തു. എല്ലാവർക്കും ഭയമായി ( അ.പ്ര. 2. 43)

ഈ ഐക്യതയുടെ മൂന്നുഘടകങ്ങളാണ് : (1) ഒരു അധികാരം – കർത്താവ് (2) ഒരു മാനദണ്ഡം – വചനം ( 3) ഒരു നിയന്ത്രണം – ആത്മാവ് എന്നുള്ളത്

നാം വീണ്ടും വീണ്ടും കേട്ടിരിക്കുന്ന ഒരു കാര്യമുണ്ട്. സ്ഥലം പ്രാധാന്യമുള്ളതല്ല. നമ്മൾക്ക് എപ്പോൾ വേണമെങ്കിലും എവിടെ വേണമെങ്കിലും അപ്പം നുറുക്കി തിരുവത്താഴം ഭക്ഷിക്കാം എന്ന് പുതിയ നിയമത്തിൽ വിശ്വാസി ക്രിസ്തുവിലാണ് ദൈവത്തിന്റെ ജീവനുള്ള ആലയമെന്ന നിലയിൽ ഒരു പ്രാദേശിക സഭയിലെ വിശ്വാസികൾ ഒരു സ്ഥലത്തുകൂടി ദൈവത്തെ ആരാധിക്കാം. നാം അവനിലാണ് ഒന്നിച്ചു കൂടുന്നത്. അവൻ നമ്മുടെ കൂടിവരവിന്റെ കേന്ദ്രമാണ്. എന്നാൽ ഒരു പ്രാദേശിക സഭ ഒരു സമയം ഒരു സ്ഥലത്തു മാത്രമേ കൂടുവാൻ സാധിക്കുകയുള്ളൂ.

യഹോവയാം ദൈവം തന്റെ ജനത്തോടു കല്പിച്ചു. ഓരോരുത്തനും താന്താന് ബോധിച്ച പ്രകാരം ഒക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത് ( ആവ. 12:8) നിനക്കു ബോധിക്കുന്നിടേത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. യഹോവ നിന്റെ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നീ നിന്റെ ഹോമയാഗങ്ങൾ കഴിക്കണം. ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതൊക്കെയും നീ ചെയ്യേണം ( ആവ. 12.13,14)

പുതിയ നിയമത്തിലെ പ്രബോധനം ശ്രദ്ധിക്കുക. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലതും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിന് സ്ത്രോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ ( കൊലൊ 3.17) നാം നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടെ .. അവന്റെ നാമത്തിലാണ് കൂടുന്നത് ( 1 കൊരി.5.47) അവന്റെ നാമമാണ് നമ്മെ ഒന്നിച്ചു ചേർക്കുന്നത്. ഈ ഐക്യത ശിഥിലമാക്കുന്ന ഒന്നും നാം ചെയ്യരുത്. ഒരു പ്രാദേശിക സഭയുടെ അംഗങ്ങൾ ഒരു സമയത്ത് ഒരു സ്ഥലത്തുമാത്രമേ കൂടി വരുവാൻ സാധിക്കുകയുള്ളൂ. പ്രാദേശിക സഭയിൽ നാം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഒന്നിച്ചുകൂടി കർത്താവിനെ ഓർത്ത് തിരുവത്താഴം ഭക്ഷിക്കുന്നു. അല്ലാതെ ചെയ്യുന്നത് തിരുവചനത്തിന് വിരുദ്ധമാണ്. ദൈവവചനത്തോടുള്ള അനുസരണക്കേടുമാണ്.

ഒരു കാര്യം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നാം ഒരുമിച്ചു കൂടുന്നത് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാനല്ല. ഈ കൂടിവരവ് കർത്താവിന്റെ അധികാരത്തോടുള്ള അനുസരണമാണ്. അവന്റെ നാമത്തിനു മഹത്വം കൊടുക്കുന്ന പ്രവൃത്തിയാണ്. അവന്റെ മരണത്തെ ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നതാണ്. ഇതു നമ്മൾക്കു പ്രാദേശികസഭകളിൽ ഐക്യതയോടുകൂടി അനുഷ്ഠിക്കാം.

**3. സഭയുടെ നാലു തൂണുകൾ (അ.പ്ര. 2.42)**

അപ്പൊസ്തലിക സഭയെക്കുറിച്ച് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. അവർ (നിരന്തരം) അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും,അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. ഈ നാലു കാര്യങ്ങളും ഒരു പ്രാദേശിക സഭയുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. നാലു തൂണുകളുള്ള ഒരു കെട്ടിടത്തിന്റെ ഒരു തൂണ് ഇളകിപോകുമ്പോഴുള്ള അപകടസാദ്ധ്യത നാം മനസ്സിലാക്കണം. നാലും തുല്യ പ്രാധാന്യമുള്ളതാണ്.

ക്രിസ്ത്രീയ സഭ ഉപദേശിക്കപ്പെടുന്ന ഒരു കൂട്ടമാണ്. ജീവന്റെ വചനം നമുക്കു നല്കപ്പെട്ടിട്ടുണ്ട്. ആദാം ജീവനുള്ള ദേഹിയാണെങ്കിലും ആ ജീവൻ നിലനിർത്താൻ ആഹാരം ആവശ്യമായിരിക്കുന്നതുപോലെ സഭയുടെ ജീവൻ നിലനിർത്തുന്നതിനും ആരോഗ്യപരമായ വളർച്ചയ്ക്കും ജീവന്റെ വചനം നല്കപ്പെട്ടിട്ടുണ്ട്. വചനത്തിൽനിന്നുള്ള ഉപദേശം, ഒരു വയൽ വേലികളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നതുപോലെ , സഭയുടെ സംരക്ഷണ

ത്തിനായുള്ളതാണ്. പ്രതിരോധശേഷിയും, പരിപാലനശേഷിയുമുള്ളതാണ് വചനം.

പഴയനിയമത്തിലെ ദൈവാലയം ദൈവത്തിന്റെ ജനം കൂടിവന്ന് ദൈവത്തെ ഭയപ്പെടുവാൻ പഠിക്കുന്ന സ്ഥലമാണെന്ന് നാം കണ്ടുവല്ലോ. നിന്റെ ദൈവമായ യഹോവയെ എല്ലായ്പ്പോഴും ഭയപ്പെടുവാൻ പഠിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നീ നിന്റെ ധാന്യത്തിന്റെയും, വീഞ്ഞിന്റെയും, എണ്ണയുടെയും ദശാംശവും നിന്റെ ആടുകളുടെ കടിഞ്ഞൂലുകളെയും അവന്റെ സന്നിധിയിൽ വെച്ചു തിന്നണം എന്നാണ്.(ആവ. 14.23) ദൈവം മോശയോടു പറഞ്ഞത്. ജനത്തെ നിന്റെ അടുക്കൽ വിളിച്ചു കൂട്ടുക. ഞാൻ നിന്റെ വചനങ്ങൾ അവരെ കേൾപ്പിക്കും. അവർ ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാൾ ഒക്കെയും എന്നെ ഭയപ്പെടുവാൻ പഠിക്കുകയും തങ്ങളുടെ മക്കളെ പഠിപ്പിക്കുകയും വേണം. ( ആവ.4.10)പഴയനിയമത്തിലെ ദൈവാലയം തന്റെ ജനം ദൈവത്തെ ഭയപ്പെടുവാൻ പഠിക്കുന്ന സ്ഥലമാണ്.

പുതിയ നിയമത്തിൽ ദൈവം തന്റെ നിലവാരം താഴ്ത്തിയിട്ടില്ല. പത്രൊസ് പറയുന്നു ദൈവത്തെ ഭയപ്പെടുക ( 1 പത്രൊ, 2.17) പഴയനിയമത്തിന്റെ പ്രതിധ്വനിയാണത്. യഹോവേ വിശുദ്ധി നിന്റെ ആലയത്തിന് ഉചിതം തന്നെ ( സങ്കീ. 93.5) ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏറ്റവും ഭയങ്കരനും അവന്റെ ചുറ്റുമുള്ള എല്ലാവർക്കും മീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു (സങ്കീ.89.7)

പ്രാദേശിക സഭ ദൈവത്തിന്റെ വഴികൾ അഭ്യസിക്കുവാൻ ഉത്തമമെന്നുമാത്രമല്ല, ദൈവത്തെ ഭയപ്പെടുവാനും വളരെ ഉത്തമമാണ്. ലോകത്തിലോ, വ്യക്തിപരമായ ജീവിതത്തിലോ, കുടുംബജീവിതത്തിലോ കാണുവാൻ കഴിയാത്ത ഒരു പുതിയ ജീവിതശൈലി സഭയിൽ കാണുവാൻ കഴിയുന്നു. അതെന്താണ് ?

1. ദൈവം സഭയ്ക്ക് ആവശ്യമായ സകലവും നിർവ്വഹിക്കപ്പെടേണ്ടതിന് ശരീരത്തിലെ
അവയവങ്ങൾക്ക് നല്കിയ കൃപാവരം ദൈവത്തിൽ ആശ്രയിച്ച് ജ്വലിപ്പിക്കുന്നത്. (എഫെ 4.11 -16, 1 കൊരി...12)

2. ദൈവമനുഷ്യൻ സകല സത്പ്രവൃത്തികൾക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് തിരുവചനത്തിലുള്ള ആശ്രയം ( 2 തിമൊ 3:16,17)

3. ശരീരത്തിന്റെ ശിരസ്സായ കർത്താവായ യേശു ക്രിസ്തുവിലുള്ള ആശ്രയം ( കൊലൊ 1-3)

4. കർത്താവു സഭയുടെ ശിരസ്സാണെന്നതും സഭയിൽ പ്രമാണിക്കേണ്ടുന്ന ക്രമവും പഠിക്കുന്നു ( 1 കൊരി 14)

5. സ്ത്രീയുടെ അനുസരണത്തിന്റെ ദൃശ്യമായ അടയാളം ( 1 കൊരി 11)

6. പുരോഹിതവർഗ്ഗമായ വിശ്വാസികളുടെ ശുശ്രൂഷ ( 1 കൊരി 14)

7. തിരുവത്താഴം അതിന്റെ ക്രമം ദുർവിനിയോഗത്തിന്റെ അനന്തരഫലം ( 1 കൊരി 11)

8. പാപത്തിൽ തുടരുന്ന വിശ്വാസികളെ സഭയിൽ നിന്നും പുറത്താക്കുക ( 1 കൊരി 5)

9. മാനസാന്തരപ്പെടുന്ന വിശ്വാസിയുടെ പുനഃസ്ഥാപനം ( 2 കൊരി 5)

10. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടവരുമായുള്ള കൂട്ടായ്മ ( അ.പ്ര.2.41, 42, 18.8)

11. വ്യക്തിപരമായ വ്യവഹാരങ്ങൾ വിധിക്കപ്പെടുന്നത് ( മത്താ. 18.15-20)

12. മനുഷ്യനല്ല ദൈവത്തിന് മഹത്വം നല്കുന്നത്. ( 1 കൊരി. 1-3)

ഈ കാര്യങ്ങളൊക്കെ സൺഡെസ്കൂളിലോ, സഹോദരിമാരുടെ യോഗങ്ങളിലോ, യുവാക്കളുടെ യോഗങ്ങളിൽ നിന്നല്ല പഠിക്കുന്നത്.

**ദൈവഭയം**

നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ ; നിങ്ങളും അങ്ങനെ തന്നെ ( 1 കൊരി 3.16,17)

ആദിമസഭയിൽ അപ്പൊസ്തലന്മാർ ശക്തിയോടെ പല അത്ഭുതങ്ങളും പ്രവർത്തിച്ചു. പക്ഷെ വിശ്വാസികൾ പാപം ചെയ്തപ്പോൾ കഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവന്നു. ( അ.പ്ര 5) സർവ്വ സഭയ്ക്കും ഇതുകേട്ടവർക്കും എല്ലാവർക്കുംമഹാഭയം ഉണ്ടായി ( അ.പ്ര 5.11) സഭയിലെ നടപടി ക്രമം അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനു എഴുതി അറിയിച്ചപ്പോൾ അവനോട് കല്പിച്ചത്. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കേ ശാസിക്കുക. ( 1 തിമൊ 5.20) എന്നാണ്. വിശ്വാസികൾ "ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെ തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊള്ളേണ്ടവരാണ്." (2 കൊരി 7.11) മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കുതക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നുവെങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ എന്നു പത്രൊസും പറയുന്നു ( 1 പത്രൊ.1.17) ആത്മീകമായ അധ്യാപനം നമ്മുടെ നന്മയ്ക്കും സംരക്ഷണത്തിനുമാണ്. അപ്പൊസ്തലന്മാരുടെ ഉപദേശം നമ്മൾക്ക് എഴുതികിട്ടിയിട്ടുണ്ട്. ആദിമസഭയിലെന്നപോലെ ഉപദേശം നിരന്തരമായി നമ്മൾ ശ്രദ്ധിക്കാം.

രണ്ടാമത്തെ സംരക്ഷണമാണ് കൂട്ടായ്മ.

നമ്മൾക്കുചുറ്റും ശത്രുത്വം ഉണ്ട്. നമ്മുടെ വിശ്വാസം വിശ്വാസത്താൽ ശക്തിപ്പെടുന്നു. സ്നേഹം സ്നേഹത്താൽ ശക്തിപ്പെടുന്നു. ആദിമ വിശ്വാസികൾ അവരുടെ വിശ്വാസം പ്രവൃത്തിക ളാൽ കാണിച്ചു. ക്രിസ്തീയത്വം എന്നുള്ളത് അവർക്ക് ദിനേനയുള്ളതായിരുന്നു. അവരുടെ അന്യോന്യമുള്ള ബന്ധം ദൃഢമായിരുന്നു. അവർ ദിവസേന വീടുകളിൽ കൂടിവന്നു. ഉല്ലാസവും ഹൃദയപരമാർത്ഥതയും അവരുടെ പ്രത്യേകതയാ യിരുന്നു. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടി രുന്നു ( അ.പ്ര. 2.46)

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവർ അപ്പം നുറുക്കുവാൻ കൂടിവന്നു. ഈ ഓർമ്മയുടെ പ്രവൃ ത്തിയിൽ ദൈവത്തെ അനുസരിച്ചുകൊണ്ട് അവർ ദൈവത്തിനു ബഹുമാനം കൊടുക്കുകമാത്രമല്ല അവർ അവരുടെ ഐക്യതയും കൂട്ടായ്മയും പ്രകടമാക്കി. ആദിമ വിശ്വാസികൾക്ക് ഇത് പാവ നവും അർത്ഥവത്തുമായ പ്രവൃത്തിയായിരുന്നു. ഈ മനോഹരവും പാവനവുമായ ഐക്യതയ്ക്ക് കളങ്കം വരുത്തുവാൻ ചില വിശ്വാസികൾ ശ്രമി ക്കുന്നത് എന്തുകൊണ്ട് എന്ന് മനസ്സിലാകുന്നില്ല.

അവരുടെ കൂടിവരവുകളും പ്രാർത്ഥനയും ഒരു മനസ്സോടെ ആയിരുന്നു. അവർ പ്രാർത്ഥിച്ച പ്പോൾ അവർ ഇരുന്ന സ്ഥലം കുലുങ്ങി. ഭൂമികു ലുക്കം ഉണ്ടായി. ദൈവം പ്രാർത്ഥന കേൾക്കു കയും ജനങ്ങൾ രക്ഷിക്കപ്പെടുകയും ചെയ്തു.

### 4. ആത്മീയ ശുശ്രൂഷയ്ക്കായുള്ള പരിശീലനം

പ്രാദേശികസഭയാണ് ഫലപ്രദമായ പരിശീലന ത്തിന് ഏറ്റവും യുക്തമായ പരിസ്ഥിതി. സഭയുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് വേണ്ടുന്നതെല്ലാം സഭയിൽ തന്നെ കർത്താവ് നല്കിയിട്ടുണ്ട് എന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ?

സഭ ദൈവത്തിന്റെ ഭവനമാണ്. ഒരു ഭവന ത്തിൽ എല്ലാവർക്കും അവരവരുടെതായ സ്ഥാനവും ചുമതലകളുമുണ്ട്. “എല്ലാവരും ഒരു വനുവേണ്ടി ഒരുവൻ എല്ലാവർക്കുവേണ്ടി ” എന്നു ള്ള തത്വം സഭയിലാണ് ഫലപ്രദമായി പ്രായോഗി കമാക്കുവാൻ സാധിക്കുന്നത്. ഈ ഭവനത്തിൽ പിതാക്കന്മാരും, യുവാക്കളും, കുഞ്ഞുങ്ങളുമുണ്ട്. ( 1 യോഹ. 2.12-24) വിവിധ വളർച്ചാതലങ്ങളിൽ ഉള്ളവരുണ്ടെന്ന് സാരം. ഈ കൂട്ടായ്മയിൽ ബല ഹീനരും ശക്തന്മാരുമുണ്ട്. കുഞ്ഞുങ്ങൾ സംരക്ഷി ക്കപ്പെടുന്നത് ഇവിടെയാണ്.

വല്ലപ്പോഴും ഭക്ഷണശാലകളിൽ ഭക്ഷണം കഴി ക്കാമെന്നല്ലതെ ദൈനംദിന ആവശ്യങ്ങൾക്കായി നാം അവിടങ്ങളിൽ പോകാറില്ലല്ലോ ? പിതാക്കന്മാർ ഭവനങ്ങളിൽ മാർഗ്ഗനിർദ്ദേശം നല്കുന്നു. ബല ഹീനതയ്ക്ക് ഭവനങ്ങളിൽ ശുശ്രൂഷ ലഭിക്കുന്നു. ഈ കൂട്ടായ്മയിൽ അസഹിഷ്ണുതയ്ക്ക് ഒരു സ്ഥാനവുമില്ല. സഭ കുഞ്ഞങ്ങൾക്ക് നഴ്സറിയാ ണ്, രോഗികൾക്ക് ആശുപത്രിയാണ്, യുവാക്കൾക്ക് പരിശീലനകളരിയാണ്. പ്രായമുള്ളവർ എല്ലാറ്റിനു മേൽ നോട്ടം വഹിക്കുന്നു. ഈ ആത്മീയ പരി സ്ഥിതി സഭയിൽ മാത്രമാണ് ലഭ്യമാകുന്നത്. അതു കൊണ്ട് വേറൊന്നിനെകുറിച്ച് ആലോചിക്കുന്നതിന് വളരെ പ്രാർത്ഥനയും കർത്താവിന്റെ ആലോചന യ്ക്കായുള്ള കാത്തിരിപ്പും ആവശ്യമാണ്.

കുഞ്ഞുങ്ങൾ ഭവനങ്ങളിലാണ് വളരേണ്ടത്. അവിടെയാണ് ശരീരത്തിനുമാത്രമല്ല ആത്മാവിനും ആഹാരം ലഭിക്കുന്നത്. ഇന്നത്തെ തിരക്കു പിടിച്ച ജീവിതത്തിൽ മാതാപിതാക്കൾക്ക് അവരുടെ ജോലി തിരക്കുമൂലം കുഞ്ഞുങ്ങളെ പരിപാലിപ്പാൻ സാധിക്കാത്ത ഒരു ദുരവസ്ഥ സംജാതമായികൊ ണ്ടിരിക്കുന്നു. ഇത് ആത്മീയഗോളത്തിലും തകരാ റുകൾ സൃഷ്ടിക്കുന്നുണ്ട്. കുഞ്ഞുങ്ങളെ ഹോസ്റ്റ ലുകളിൽ പറഞ്ഞയക്കുന്നത് ഒരു പ്രതിവിധിയല്ല. അവിടെ അവർക്ക് മാതാപിതാക്കളും സ്നേഹവും കരുതലുകളും ലഭിക്കുന്നില്ല. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ വളർത്തുന്ന സന്തോഷം നഷ്ട മായി പോകുന്നു. വളർച്ചയുടെ വേദന ഇരുകൂട്ടരും അറിയുന്നില്ല. അതിൽനിന്ന് പഠിക്കുന്ന ഗുണദോ ഷങ്ങളും നഷ്ടമാകുന്നു. ഇതിന്റെയെല്ലാം അന ന്തരഫലം സ്നേഹവും കരുതലും നഷ്ടപ്പെട്ട യാന്ത്രീകമായ ജീവിതം തുടരുന്നു. ആത്മീയഗോ ളത്തിലും ഇതു തുടർന്നാൽ വരാവുന്ന നഷ്ടങ്ങ ൾ നിരവധിയാണ്.

മുകളിൽ വിവരിച്ചതായ കാര്യങ്ങൾ കണക്കിലെ ടുക്കാത്തതായ പരിശീലനങ്ങൾ ആത്മാക്കൾക്ക് വളരെ ഉപദ്രവം ചെയ്യുകയാണ്. ഭവനങ്ങളിൽ മാതാപിതാക്കൾക്ക് പകരമായി വേറൊന്നില്ല എന്ന തുപോലെ ആത്മീയ ജീവിതത്തിൽ യുക്തമായ പരിശീലനത്തിന് സഭയല്ലാതെ വേറൊന്നില്ല. ഇതാണ് പ്രാദേശികസഭയുടെ വേറൊരു പ്രാധാ ന്യം.

### 5. സഭയുടെ വളർച്ച

ഐക്യതയില്ലാതെ വളർച്ചയും, പക്വതയും, പവിത്രതയും ഇല്ല എന്ന് മുൻ പറഞ്ഞിരുന്നുവല്ലോ ; സഭയിലെ നേതാക്കൾ, സുവിശേഷകന്മാർ, ഇട യന്മാർ, ഉപദേഷ്ഠാക്കന്മാർ മുതലായവർ ഉയിർത്തെ ഴുന്നേറ്റവനായ കർത്താവ്. നാം എല്ലാവരും വിശ്വാ സത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാ നത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷ ത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായ ത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാ രുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീ യവർദ്ധനയ്ക്കും നല്കിയ ദൈവീകദാനങ്ങളാണ് ( എഫെ. 4.12-13) സഭയുടെ വളർച്ച സമ്പൂർണ്ണ

മായ ശരീരത്തിന്റെ വളർച്ചയാണ്. അല്ലാതെ ചില അവയവങ്ങളുടെ മാത്രമുള്ള വളർച്ചയല്ല. എത്ര മാത്രം ആത്മീയമായി തോന്നിയേക്കാമെങ്കിലും ഏതു സംവിധാനവും മുകളിൽ പറഞ്ഞ സത്യങ്ങൾ കണക്കിലെടുക്കുന്നില്ലെങ്കിൽ യുക്തമായി അവരുമായി ഇടപെടേണ്ടതാണ്. ആത്മാക്കൾക്കായി ജാഗരിക്കുന്ന സഭയിലെ മൂപ്പന്മാരുടെ ചുമതലയാണിത്.

ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ അനാവശ്യമാണോ? അവ പ്രാദേശീകസഭകൾക്ക് അതീതമായി പ്രവർത്തിക്കുന്നുണ്ടോ ? പ്രാദേശീകസഭകളുടെ അധികാരപരിധിയിൽ കൈകടത്തുന്നുണ്ടോ ? പ്രാദേശികസഭകൾ അങ്ങനെയുള്ള സംവിധാനങ്ങളോട് എങ്ങനെ പ്രതികരിക്കണം ?

1. സഹോദരസഭകളുടെ പൊതുവെയുള്ള വളർച്ചയ്ക്ക് അനുകൂലമായ സംവിധാനങ്ങളെ ഉൾക്കൊള്ളുവാനുള്ള മനസ്സ് നമ്മൾക്കുണ്ടാകണം.

2. സഭയിലെ വിശ്വാസികളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിക്കുന്ന മൂപ്പന്മാർ കണക്കുബോധിപ്പിക്കേണ്ടവരാണ് ( എബ്രാ 13.17) അതുകൊണ്ടു അവരുടെ മേൽനോട്ടത്തിൽ മാത്രമേ ഈ സംവിധാനങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കാവൂ.

3. കുഞ്ഞുങ്ങൾക്കും, യുവാക്കൾക്കുമായുള്ള ഉപദേശങ്ങൾ അവർ മാത്രമേ കേൾക്കാവൂ എന്ന് ശഠിക്കുന്നത് എന്തുകൊണ്ടാണ് ? സഭ ദൈവഭവനമാണ്. എന്നുള്ള സത്യം ഉൾക്കൊള്ളുവാൻ കഴിയാത്തതുകൊണ്ട്. കുഞ്ഞുങ്ങൾക്കായുള്ളത് പിതാക്കന്മാരും, പിതാക്കന്മാർക്കുള്ളത് കുഞ്ഞുങ്ങളും ഒരു പോലെ ശ്രദ്ധിക്കേണ്ടവരാണ്. കുഞ്ഞുങ്ങളിൽ നിന്ന് ഒന്നും പഠിക്കുവാനില്ല എന്നു പിതാക്കന്മാരും പിതാക്കന്മാർ അജ്ഞരാണ് എന്നുള്ള കുഞ്ഞുങ്ങളുടെ ചിന്തയും ദോഷമല്ലാതെ ഗുണം ചെയ്യുകയില്ല. കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ നിന്നും മാതാപിതാക്കളെ കുഞ്ഞുങ്ങളിൽനിന്നും അകറ്റുന്ന ഉപദേശങ്ങൾ നിരാകരിക്കേണ്ടതാണ്.

അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് കുടുംബ ജീവിതത്തെകുറിച്ചുള്ള ഉപദേശങ്ങൾ വിവാഹസമയത്ത് പ്രസംഗിക്കുമ്പോൾ ഇത് വിവാഹജീവിതത്തെക്കുറിച്ചുള്ളതാണ് അതുകൊണ്ട് അവിവാഹിതർ എഴുന്നേറ്റ് പോകണം എന്നു പറയാറില്ലല്ലോ? അതുകൊണ്ട് കുഞ്ഞുങ്ങൾക്കുള്ള ശുശ്രൂഷയായാലും യുവാക്കൾക്കോ, വിവാഹിതർക്കോ ഉള്ളതായാലും ദൈവവചനത്തിൽനിന്നുള്ള ദൂതുകൾ ദൈവമക്കൾക്കായുള്ളതാണ് എന്നു കരുതിവേണം ശുശ്രൂഷിക്കാൻ. പ്രാദേശികസഭ ഒന്നിച്ചുവളരേണം.

### 6. പ്രാദേശികസഭയുടെ സാക്ഷ്യം

നമ്മോടു സാക്ഷ്യം പറയുവാൻ കർത്താവു കല്പിച്ചിട്ടുണ്ട്. ( യോഹ 15.27) നമ്മുടെ സാക്ഷ്യം വ്യക്തിപരവും സഭാപരവുമാണ് വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിലാണ് നാം ജീവിക്കുന്നത്. അവിടെ നാം ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണം. ( ഫിലി. 2.14,15) പ്രാദേശികസഭ എന്നുള്ള നിലയിൽ നമ്മുടെ സാക്ഷ്യത്തെക്കുറിച്ചു ഒന്നു പറയട്ടെ. കർത്താവാണു നിലവിളക്കുകൊളുത്തിയിട്ടുള്ളത് ( സഭ) അത് എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കണം. അപ്പം നുറുക്കുകയും പാനപാത്രത്തിൽനിന്നും (ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം) കുടിക്കുകയും ചെയ്യുമ്പോൾ കർത്താവിനെ ഓർക്കണം എന്ന് സഭയോട് കല്പിച്ചിട്ടുണ്ട്. ഒരു കാരണവശാലും പ്രാദേശികസഭയുടെ ഈ കൂടിവരവ് ആരും അഗണ്യമായി വിചാരിക്കുകയും മുടക്കുകയും ചെയ്യരുത്. സുവിശേഷവത്ക്കരണത്തിനോ വചനശുശ്രൂഷയ്ക്കോ പ്രാദേശിക സഭകൾ ഒന്നിച്ച് കൂടിവരുന്നതിനെ അപലപിക്കുന്നില്ല. മാത്രമല്ല ആവശ്യമെന്നു തോന്നുമ്പോഴെല്ലാം അങ്ങനെ ചെയ്യുകയും വേണം. പക്ഷെ ഇങ്ങനെയുള്ള കൂടിവരവുകൾ കർത്തൃദിവസം വരെ നീളുന്നതുകൊണ്ട് പ്രാദേശികസഭകളുടെ സാക്ഷ്യം മുടങ്ങുന്നത് അഭിലഷണീയമല്ല.

### 7. സഭയും പാരമ്പര്യവും

സഭയുടെ റഫറൻസ് ഗ്രന്ഥം (Manual) വേദപുസ്തകമാണ്. പ്രത്യേകിച്ച് പുതിയനിയമം, നിങ്ങൾ ഉപദേശിക്കുന്നു സമ്പ്രദായത്താൽ ദൈവകല്പന ദുർബ്ബലമാക്കുന്നു എന്ന് കർത്താവു പരിശന്മാരെ ശാസിച്ചു ( മാർക്കൊ 7.13) മാനുഷിക സമ്പ്രദായങ്ങൾ അഥവാ പാരമ്പര്യങ്ങൾ മാനുഷിക നിർമ്മിതമാണ്.

പാരമ്പര്യം പാപമായിരിക്കുകയില്ല. പക്ഷെ ഒരു ഭാരമായി തീരാതിരിപ്പാൻ നാം സൂക്ഷിക്കണം. നമ്മുടെ മുൻപിൽ വെച്ചിരിക്കുന്നു ഓട്ടം സ്ഥിരതയോടു ഓടുവാൻ ഈ ഭാരം തടസ്സമാകരുത്. അത് വിടണം. നാം വിശ്വസിക്കുന്ന പ്രമാണങ്ങൾ റോമൻ കത്തോലിക്ക സഭയും വിശ്വസിക്കുന്നുണ്ട്. പക്ഷെ അവരുടെ ആചാരങ്ങൾ അഥവാ പാരമ്പര്യങ്ങൾ ദൈവവചനത്തോടുകൂട്ടിച്ചേർത്ത് ദൈവകല്പന അവർ ദുർബ്ബലമാക്കി. കാരിസ്മാറ്റിക് സമൂഹങ്ങൾ ദൈവവചനത്തോടുകൂടെ അനുഭവങ്ങൾ കൂട്ടിച്ചേർത്തു. ദൈവവചനമാണ് നമ്മുടെ ആചാരങ്ങളെയും അനുഭവങ്ങളേയും സാധൂകരിക്കേണ്ടത് . മറിച്ചാകുന്നത് അപകടകാരണമാകും. തിരുവചനത്തിനു നിരക്കാത്ത സമ്പ്രാദയങ്ങളെ എത്രയും വേഗം വിട്ടുകളയേണ്ടതാണ്. ●

(10-5-08 ന് പാലാരിവട്ടം ബ്രദറൺ സഭാഹാളിൽ കൂടിയ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം)

# ബാലൻ നടക്കേണ്ടുന്ന വഴി

ടി.ജെ. ജാക്സൺ, വരാക്കര

"**ബാ**ലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല" (സദൃ 22 : 6).

ബാലികാബാലന്മാർക്ക് നടക്കാൻ കഴിയുന്നതും നടക്കാൻ താല്പര്യമുള്ളതും ആയ അനേക വഴികളുണ്ട്. എന്നാൽ ദൈവം അവരെപ്പറ്റി ആഗ്രഹിക്കുന്നത് അവർ നടക്കേണ്ടുന്ന വഴിയിൽ നടക്കേണം എന്നാണ്. ആ രീതിയിൽ നടക്കാൻ അവരെ അഭ്യസിപ്പിക്കണം എന്നാണ് ഇവിടെ ഉദ്ബോധിപ്പിച്ചിരിക്കുന്നത്. അഭ്യസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കുമ്പോൾ ആധുനിക ലോകത്തിന്റെയും വർത്തമാന കാലഘട്ടത്തിന്റെയും വക്രതയെപ്പറ്റി വാചാലരാകുന്നതിന് മുമ്പ് നിഷ്കളങ്കരെന്ന് നാം പറയുന്ന പൈതങ്ങളെപ്പറ്റി ദൈവവചനത്തിൽ നിന്ന് ചില സത്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്.

പൗലൊസ് പറയുന്നു. "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ..." (1 കൊരി. 15:22). മരണം പാപത്തിന്റെ ശിക്ഷയാണ്. ആദാമിൽ എല്ലാവരും മരിക്കുന്നു എന്നു പറയുമ്പോൾ ആദാമിന്റെ സന്തതികളായി ജനിക്കുന്ന എല്ലാവരും പാപികളാണെന്ന് സ്പഷ്ടം. അതിൽ പിഞ്ചു പൈതങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ആദാമിൽ നിന്ന് ക്രിസ്തുവിൽ ആയിത്തീരുന്നതുവരെ അവരും മരണയോഗ്യരായ പാപികളത്രേ. ദാവീദ് പറയുന്നു. "ഇതാ അകൃത്യത്തിൽ ഞാൻ ഉരുവായി: പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5). ജനനത്തിൽ തന്നെ ഏതൊരു ശിശുവിനും പാപസ്വഭാവമുണ്ട്. അത് പ്രകടിപ്പിക്കുവാൻ കഴിവാകുമ്പോൾ അവൻ(ൾ) പ്രകടിപ്പിക്കും. ദാവീദ് വീണ്ടും പറയുന്നു. "ദുഷ്ടന്മാർ ഗർഭം മുതൽ ഭ്രഷ്ടന്മാരായിരിക്കുന്നു. അവർ ജനനം മുതൽ ഭോഷ്ക് പറഞ്ഞ് തെറ്റി നടക്കുന്നു. "(സങ്കീ. 58. 3). ജനനം മുതൽ മനുഷ്യന്റെ പ്രകൃത്യാ ഉള്ള ആഗ്രഹം തെറ്റി നടക്കാനാണ്.

ഈ കാലഘട്ടത്തിൽ ആളുകൾ, പ്രത്യേകാൽ മാതാപിതാക്കൾ മനസ്സിലാക്കേണ്ട ഒരു പ്രധാന വസ്തുതയാണ് മേൽ പ്രസ്താവിച്ചത്. ഓരോരുത്തരും അവരവരുടെ മക്കളെ നിഷ്കളങ്കരായി കാണാൻ ആഗ്രഹിക്കുന്നു. മേൽപറഞ്ഞ പ്രകാരം സ്വന്ത പ്രകൃതിക്കനുസരിച്ച് പ്രവർത്തിക്കാൻ പ്രാപ്തിയാകുന്നതുവരെ കുഞ്ഞുങ്ങൾ നിഷ്കളങ്കരായിത്തന്നെ കാണപ്പെടുന്നു. എന്നാൽ നാം ആഗ്രഹിക്കുന്നതുപോലെ നിഷ്കളങ്കരായി തുടരുവാൻ അവരിലുള്ള പാപപ്രകൃതി അവരെ അനുവദിക്കുന്നില്ല. കയീനോ അല്ലെങ്കിൽ കുപ്രസിദ്ധരായ മറ്റേതെങ്കിലും ദുഷ്ടൻമാരോ അവരുടെ ശൈശവാവസ്ഥയിൽ ആയിരുന്നതിനേക്കാൾ ഒട്ടും മെച്ചമായ അവസ്ഥയിലല്ല ലോകത്തിൽ ജനിക്കുന്ന ഓരോ പൈതങ്ങളും എന്ന ഞെട്ടിപ്പിക്കുന്ന സത്യം നാം ഓർത്തിരിക്കേണ്ടതാണ്.

നടക്കേണ്ടുന്ന വഴിയിൽ ബാലികാബാലന്മാരെ അഭ്യസിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് നാം കണ്ടത്. നേരത്തെ സൂചിപ്പിച്ചതുപോലെ ലോകത്തിന്റേയും ആധുനിക കാലഘട്ടത്തിന്റെയും വക്രതയും അധാർമ്മികതയും നമ്മെ ഭീതിപ്പെടുത്തേണ്ട വസ്തുതകൾ തന്നെയാണ്. നടക്കേണ്ടുന്ന വഴിയിൽ വേണ്ടത്ര അഭ്യസനം ലഭിക്കാത്ത ബാലികാബാലന്മാർ ഭാവിയിൽ വീട്ടുകാർക്കും നാട്ടുകാർക്കും സഭയ്ക്കും പ്രത്യേകാൽ സുവിശേഷ പ്രചരണ തത്പരരായ ദൈവമക്കൾക്കും വലിയ തലവേദനയായിത്തീരാനുള്ള സാധ്യതയുണ്ട്.

നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിച്ചാൽ, വൃദ്ധനായാലും അവൻ ആ വഴി വിട്ടുമാറുകയില്ല എന്നത്രേ തിരുവെഴുത്ത് പറയുന്നത്. ഇതിൽ എത്ര മാത്രം സത്യമുണ്ട്? ചെറുപ്രായത്തിൽ നല്ല ദൈവഭക്തിയിൽ വളർന്നുവന്ന പലരും മുതിർന്നപ്പോൾ തെറ്റിപ്പോയ അനേക അനുഭവങ്ങൾ നമുക്കു ചുറ്റും ഉണ്ടായിട്ടില്ലേ? എന്താണിതിന് കാരണം?

അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല. എന്ന് പറഞ്ഞത് ദൈവവചനമാണ്. അത് സത്യമായിരിക്കാതെ നിവൃത്തിയില്ല. എങ്കിൽപ്പിന്നെ എവിടെയാണ് കുഴപ്പം? പലരും ബാലൻ നടക്കേണ്ടുന്ന വഴിയാണെന്ന് ധരിച്ച് മക്കളെ അഭ്യസിപ്പിക്കുന്ന വഴി, സത്യത്തിൽ നടക്കേണ്ടുന്ന വഴിയല്ല എന്നതാണ് ഇവിടുത്തെ കുഴപ്പം. മിക്ക മാതാപിതാക്കളും തങ്ങളുടെ മക്കളെ അഭ്യസിപ്പിക്കുന്ന വഴി മാതാപിതാക്കളെ അനുസരിക്കുക എന്നതാണ്. ഈ രീതിയിൽ വളർത്തപ്പെടുന്ന ഒരു ബാല(ൻ) മാതാപിതാക്കളുടെയും മറ്റുള്ളവരുടെയും മുമ്പിൽ ദൈവഭക്തിയിലെന്നപോലെയായിരിക്കും നടക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ അവ(ളുടെ)ന്റെ ഭക്തിയും ഭയവും ദൈവത്തോടല്ല, മാതാപിതാക്കളോടോ മറ്റുള്ള മുതിർന്നവരോടോ ആണ്. അതുകൊണ്ട് മാതാപിതാക്കളേയും അവൻ(ൾ) ഭയപ്പെടുന്ന മറ്റുള്ളവരേയും ഭയപ്പെടേണ്ടാത്ത ഒരു സാഹചര്യത്തിൽ എത്തിച്ചേരുമ്പോൾ അവ(ളുടെ)ന്റെ യഥാർത്ഥ നിറം പുറത്തു വരുന്നു. ഇതാണ് മുതിർന്നു വരുമ്പോൾ തെറ്റിപ്പോകാനുള്ള കാരണം. ഇങ്ങനെ സംഭവിക്കുന്നതിൽ യാദൃശ്ചികമായി യാതൊന്നും ഇല്ല. അതുകൊണ്ട് മാതാപിതാക്കളെ ഭയപ്പെടുന്നതുകൊണ്ടു മാത്രം ബാലൻ, നടക്കേണ്ടുന്ന വഴിയിലാണെന്ന് പറയുവാൻ സാധിക്കുകയില്ല.

എങ്കിൽപ്പിന്നെ ഏതാണ് ബാലൻ നടക്കേണ്ടുന്ന വഴി?

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-8

## VIII. അദ്ധ്യക്ഷന്റെ യോഗ്യതകൾ (1 തിമൊ. 3:1–7)

**ജേക്കബ് തോമസ്, മാവേലിക്കര**

**1. അദ്ധ്യക്ഷന്റെ സ്ഥാനം (3:1)**

*"ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യമാകുന്നു."*

അദ്ധ്യക്ഷന്റെ പദവി ആഗ്രഹിക്കുന്നത് ഒരു നല്ല കാര്യമാണ് എന്ന് പൗലൊസ് പറയുമ്പോൾ ആ സ്ഥാനത്തിലുള്ള വ്യക്തിക്ക് ലഭിക്കുന്ന അംഗീകാരവും മഹിമയും അല്ലായിരുന്നു പൗലൊസ് ചിന്തിച്ചത്. കാരണം അന്ന് അദ്ധ്യക്ഷന്റെ സ്ഥാനം പൊതുവെ ആരും ആഗ്രഹിക്കത്തക്കതായിരുന്നില്ല. ഒന്നാം നൂറ്റാണ്ടിൽ ദൈവജനത്തിന്റെ നേതൃത്വസ്ഥാനത്ത് വരുന്നവർ പലപ്പോഴും ദൈവജനം അനുഭവിക്കുന്ന പീഡനത്തിന്റെ ഭൂരിഭാഗവും അനുഭവിക്കേണ്ടിയിരുന്നു. മാത്രമല്ല മറ്റ് അനേകം പ്രതികൂലങ്ങളും സഭാനേതൃത്വത്തിലുള്ളവർ അനുഭവിക്കേണ്ടിയിരുന്നു. അവർ ദൈവജനത്തിനും ദൈവത്തെ നിഷേധിക്കുന്ന ഒരു വലിയ ജനസമൂഹത്തിനും ഭരണകൂടങ്ങൾക്കും മദ്ധ്യത്തിൽ നിൽക്കേണ്ടവരായിരുന്നു. അതുകൊണ്ടാണ് അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നവർ നല്ല വേല ആഗ്രഹിക്കുന്നു എന്ന് പൗലൊസ് പറയുന്നത്. ഇന്ന് ഈ സ്ഥാനത്തേക്ക് കടന്നുവരുന്നവർ ആ പദവിയുടെ മഹിമയെക്കുറിച്ചാണ് ചിന്തിക്കുന്നത്. എന്നാൽ ദൈവം തന്നെ ആ സ്ഥാനത്തേക്ക് വിളിച്ചു എന്നതും, ദൈവജനത്തോടുള്ള ആഴമായ

---

"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ" (സങ്കീ.119:9). ബാലൻ സ്വന്ത ഇഷ്ടത്താൽ ദൈവവചന പ്രകാരം തന്റെ നടപ്പിനെ സൂക്ഷിക്കുക എന്നതാണ് ബാലൻ നടക്കേണ്ടുന്ന വഴി.

നേരത്തെ ചിന്തിച്ചതുപോലെ, മനുഷ്യനെ ഭയന്നുകൊണ്ടല്ല ദൈവത്തെയും ദൈവവചനത്തെയും ഭയന്നുകൊണ്ടാണ് ബാലൻ സ്വന്ത നടപ്പിനെ സൂക്ഷിക്കേണ്ടത്. ഈ വഴിയിൽ ബാലികാബാലന്മാരെ അഭ്യസിപ്പിക്കുക എന്നതാണ് മുതിർന്നവരുടെ ഉത്തരവാദിത്തം. ഇപ്രകാരം അഭ്യസിപ്പിക്കപ്പെടുന്ന ഒരുവൻ ദൈവത്തെ ഭയപ്പെടേണ്ടാത്ത ഒരു സാഹചര്യത്തിൽ ഒരിക്കലും എത്തിച്ചേരുകയില്ല.

പ്രസംഗകരുടെ പ്രഭു എന്നറിയപ്പെടുന്ന ചാൾസ് സ്പർജന്റെ മാതാവ് ഒരിക്കൽ മകനോട് പറഞ്ഞു "ചാൾസ് ഞാൻ നിന്നെ നീതിയിൽ അഭ്യസിപ്പിച്ചു. ഞാനും നിന്റെ പിതാവും നല്ല മാതൃകകൾ നിന്റെ മുമ്പിൽ വച്ചിട്ടുണ്ട്. ഞങ്ങൾ നിന്നെ സുവിശേഷം പഠിപ്പിച്ചു. ഞങ്ങൾ സമാധാന പാത നിനക്ക് കാണിച്ചു തന്നു. എന്റെ മകനേ നീ ദൈവ ഭക്തിയിൽ ജീവിച്ചില്ലാ എങ്കിൽ ന്യായവിധി ദിവസത്തിൽ നിനക്കെതിരായി സാക്ഷ്യം വഹിച്ചുകൊണ്ട് ഞാൻ ദൈവസന്നിധിയിൽ നിൽക്കും" എന്നാൽ അത്തരത്തിലുള്ള ഒരു ദുരവസ്ഥ ആ മാതാവിനുണ്ടാകില്ല. കാരണം നടക്കേണ്ട വഴിയിൽ അവർ തന്റെ മകനെ അഭ്യസിപ്പിച്ചു.

മേൽപ്പറഞ്ഞ രീതിയിൽ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാൻ എങ്ങനെയാണ് സാധിക്കുന്നത്? ദൈവത്തെ 'നമ്മുടെ യഹോവ' എന്ന് അഭിസംബോധന ചെയ്യുന്ന, ആത്മീക കാര്യങ്ങളെക്കുറിച്ച് താല്പര്യപൂർവ്വം ആരായുന്ന ഒരു നല്ല മകനെ ആവ. 6:20 ൽ നാം കാണുന്നു. ഇപ്രകാരം ഉള്ള ഒരവസ്ഥയിൽ മക്കളായിത്തീരണമെങ്കിൽ മാതാപിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ 6 മുതൽ 19 വരെയുള്ള ഭാഗത്ത് കാണാം.

6:6–ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുക. 6:7– ദൈവവചനം മക്കൾക്ക് ഉപദേശിച്ചു കൊടുക്കുക. 6:7 എപ്പോഴും ദൈവവചനം സംസാരിക്കുക. അതായത് എപ്പോഴും ദൈവവചനത്തിൽ സന്തോഷിക്കുകയും ദൈവവചനത്തെ സ്നേഹിക്കുകയും ചെയ്യുക. 6:12 – യഹോവയെ മറക്കാതിരിക്കുക. 6:13 യഹോവയെ ഭയപ്പെടുക. 6:13 – യഹോവയെ സേവിക്കുക. 6:15 യഹോവ തീഷ്ണതയുള്ള ദൈവമാണെന്ന് ഓർക്കുകയും ആ കാര്യം മക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുക. 6:17 യഹോവയുടെ കല്പനകൾ അനുസരിക്കുക. 6:19 യഹോവയുടെ മുമ്പാകെ ന്യായവും ഹിതമായതും ചെയ്യുക.

ഈ 9 കാര്യങ്ങളെ ചുരുക്കി, ദൈവവചനം പഠിപ്പിക്കുകയും അത് പ്രമാണിക്കേണ്ടത് ആവശ്യമാണെന്ന് പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്യുക എന്നു പറയാം. ഒരു കാര്യം ഇവിടെ വ്യക്തമാണ്. മാതാപിതാക്കൾ ദൈവവഴിയിൽ ദൈവത്തെ ഭയപ്പെട്ട് ജീവിക്കാതെ ബാലനെ ആ വഴിയിൽ അഭ്യസിപ്പിക്കാൻ ശ്രമിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല.

നടക്കേണ്ടുന്ന വഴിയിൽ പൈതങ്ങൾ നടക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അപ്രകാരം അവരെ അഭ്യസിപ്പിക്കുവാനും കർത്താവു വരുവാൻ താമസിച്ചാൽ ദൈവവഴിയിൽ നിന്നു വിട്ടുമാറാത്ത ഒരു നല്ല ക്രൈസ്തവ തലമുറ തൻ നിമിത്തം വളർന്നു വരുവാനും ഇടയാകേണ്ടതിന് ദൈവമക്കളായ നമുക്ക് ശ്രമിക്കുകയും പ്രാർത്ഥനയിൽ ഐകമത്യപ്പെടുകയും ചെയ്യാം. ●

പ്രതിബദ്ധതയും ആത്മീകപ്രവർത്തനങ്ങളോടുള്ള ഉന്നതമായ കാഴ്ചപ്പാടുമായിരിക്കണം ഈ ഭാരിച്ച ചുമതല ഏറ്റെടുക്കുവാൻ അദ്ധ്യക്ഷനാകുന്ന വ്യക്തിയെ പ്രേരിപ്പിക്കേണ്ടത്.

**2. അദ്ധ്യക്ഷന്റെ സ്വഭാവം (3:2-3)**

*"എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമ്മർത്ഥനും ആയിരിക്കണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും . . ."*

അദ്ധ്യക്ഷൻ സമൂഹത്തിൽ ദൈവത്തിന്റെ പ്രതിനിധിയാണെന്നുള്ളതുകൊണ്ടും തനിക്ക് നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ വളരെ ഭാരിച്ചതായതുകൊണ്ടും ദൈവവചനത്തിൽ മറ്റ് ഏത് സ്ഥാനത്തെക്കാളും ഉപരിയായുള്ള യോഗ്യതകളാണ് അദ്ധ്യക്ഷനുണ്ടായിരിക്കേണ്ടത്. ക്രിസ്തീയ സമൂഹത്തിന്റെ സമുന്നതമായ മൂല്യങ്ങളെ പൗലൊസ് എത്രമാത്രം ഉയർത്തിപ്പിടിക്കുന്നു എന്നും നമുക്ക് ഈ വാക്യങ്ങളിൽ മനസ്സിലാക്കുവാൻ കഴിയും. ഇന്നത്തെ ക്രിസ്തീയ ഗോളത്തിൽ ഈ വിധമൂല്യങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല എന്നതാണ് അതിന്റെ മൂല്യതകർച്ചയുടെ കാരണം. പൗലൊസ് പറയുന്നു ഒന്നാമതായി അദ്ധ്യക്ഷൻ നിരപവാദ്യനായിരിക്കണം, അർത്ഥാൽ അപവാദങ്ങൾക്കുപരിയായി ജീവിക്കുന്ന വ്യക്തിയായിരിക്കണം. ഏക ഭാര്യയുടെ ഭർത്താവ് എന്നതുകൊണ്ട് അന്നത്തെ ജാതികളുടെ ഇടയിലുള്ള ബഹുഭാര്യത്വം അദ്ധ്യക്ഷൻ മാതൃകയാക്കുവാൻ പാടില്ലായെന്ന് പൗലൊസ് നിഷ്കർഷിക്കുന്നു. അദ്ധ്യക്ഷൻ അതിഥിപ്രിയനാകണം കാരണം ക്രിസ്തീയ സമൂഹം അനുഭവിക്കുന്ന പീഡനങ്ങളുടെ ഫലമായി ഭവനങ്ങളും അർഹമായ ജീവിതസാഹചര്യങ്ങളും വിശ്വാസം നിമിത്തം നഷ്ടപ്പെട്ട ഒരുകൂട്ടം വിശ്വാസികൾക്ക് ആശ്രയമാകേണ്ടത് അദ്ധ്യക്ഷന്റെ ഭവനമാണ്. മാത്രമല്ല ദൈവവചനത്തിന്റെ അമൂല്യമായ സത്യങ്ങൾ അവർക്ക് ഗ്രഹിക്കുവാനും തന്റെ ഭവനം ഒരു വേദിയായിത്തീരും.

ഉപദേശിപ്പാൻ സമർത്ഥൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവവചനത്തിലുള്ള സാങ്കേതിക പണ്ഡിത്യം മാത്രമല്ല അത് വിശ്വാസികൾക്ക് പകർന്ന് കൊടുക്കുവാനുള്ള താല്പര്യത്തെക്കുടെയാണ് കാണിക്കുന്നത്. മദ്യപ്രിയനും തല്ലുകാരനും ആകരുത് കാരണം അദ്ധ്യക്ഷൻ ഒരിക്കലും ഒരു പ്രശ്നത്തിന് കാരണക്കാരനായിരിക്കരുത്. താൻ എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരകനായി തീരേണ്ടതാണ്. അദ്ധ്യക്ഷന്റെ ശാന്തതാമനോഭാവം അനേകരെ ക്രിസ്തുവിലേക്ക് ആകർഷിക്കുമെന്നതിന് സംശയമില്ല. ദ്രവ്യാഗ്രഹമില്ലാത്തവൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തന്റെ ഉന്നതമായ പദവി ധനസമാഹരണത്തിന് ഉപാധിയായി മാറ്ററുത് എന്നാണ്.

**3. അദ്ധ്യക്ഷന്റെ സ്വന്തകുടുംബം (3:4-7)**

ദൈവം ഏറ്റവും പ്രാധാന്യം കൊടുക്കുന്ന ഒരു സ്ഥാപനമാണ് കുടുംബം. ദൈവവചനത്തിൽ ഒരു വിശ്വാസകുടുംബം എങ്ങനെയായിരിക്കണം എന്നതിന് പ്രത്യേകമായ നിബന്ധനകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അതുകൊണ്ട് അദ്ധ്യക്ഷനാകുന്ന വ്യക്തി തന്റെ കുടുംബജീവിതത്തിൽ ദൈവഭക്തിയും ദൈവികചിട്ടയും പ്രാവർത്തികമാക്കുന്നവനുമായിരിക്കണം. അതായത് സ്വന്തകുടുംബത്തെ നന്നായി ഭരിക്കുകയും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ നയിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ദൈവസഭയെ നയിക്കുവാനുള്ള കഴിവുണ്ടെന്ന് തെളിയിക്കുന്നു. പൗലൊസ് ചോദിക്കുന്നു സ്വന്തകുടുംബത്തെ ഭരിക്കുവാൻ അറിയാത്തവൻ എങ്ങനെയാണ് ഭാരിച്ച ഉത്തരവാദിത്വമായ ദൈവസഭയുടെ പരിപാലനം നടത്തുന്നത്. ഈ വാക്കുകളിൽ പൗലൊസ് കുടുംബജീവിതത്തിന്റെ പ്രാധാന്യവും അത് ഏത് നിലയിൽ ദൈവസഭയുടെ ഭരണത്തെ ബാധിക്കുന്നുവെന്നതും വ്യക്തമാക്കുന്നു. മാത്രമല്ല പൗലൊസിന് കുടുംബജീവിതത്തെക്കുറിച്ചുള്ള ഉന്നതമായ കാഴ്ചപ്പാടിനെയും കാണിക്കുന്നു.

അദ്ധ്യക്ഷന്റെ സ്ഥാനത്തെക്ക് വരുന്ന വ്യക്തി ഒരു പുതിയശിഷ്യനാകുവാൻ പാടില്ല കാരണം ദൈവസഭയെക്കുറിച്ചുള്ള അനുഭവപാടവം അങ്ങനെയുള്ളവർക്ക് ഇല്ല എന്നു മാത്രമല്ല നിഗളിക്കുവാനുള്ള സാധ്യതവളരെ കൂടുതലുമാണ്. നിഗളം ആ വ്യക്തിയുടെ കണ്ണ് കുരുടാക്കുന്നതിനാൽ താൻ പ്രവർത്തിക്കുന്നതെന്താണ് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് പിശാചിന് വന്നതായ ശിക്ഷാവിധിയിൽ അകപ്പെടുവാൻ സാധ്യതയുണ്ട്. ഇങ്ങനെ പലപ്പോഴും സംഭവിക്കുന്നതായി നാം കാണുന്നു. ദൈവസഭയുടെ ഏറ്റവും സമുന്നതമായ സ്ഥാനത്ത് വരുന്ന വ്യക്തികൾ പരാജയപ്പെടുമ്പോൾ അത് സഭയെ നാമാവിശേഷമാക്കുന്നു; മാത്രമല്ല ആ പ്രദേശത്തുള്ള ദൈവിക പ്രവർത്തനങ്ങളുടെ വാതിലുകൾ അടയപ്പെടുന്നു. ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ ന്യൂനതകളെക്കുറിച്ച് ചിന്തിക്കാം. ദൈവാത്മാവ് ബോധ്യപ്പെടുത്തുന്ന നമ്മുടെ കുറവുകൾ തിരുത്തുവാനും ദൈവിക നിയോഗത്തിനനുസരിച്ച് ദൈവവചനം അനുശാസിക്കുന്ന നിലയിൽ ജീവിക്കുവാനും തീരുമാനമെടുക്കാം. **(തുടരും)**

# യേശുക്രിസ്തുവിന്റെ വംശാവലിയിലെ പേരുകാരികളായ സ്ത്രീജനങ്ങൾ

മേഴ്സി യോഹൻ, ഗുജറാത്ത്

മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിന്റെ വംശാവലിയിൽ 4 സ്ത്രീകളുടെ പേരുകൾ വ്യക്തമായും ഒരു സ്ത്രീയുടെ പേര് പരോക്ഷമായും കാണുന്നുണ്ട്. താമാർ, രാഹാബ്, രൂത്ത്, ഊരിയാവിന്റെ ഭാര്യായിരുന്നവൾ (ബേത്ത്-ശേബ), മറിയ എന്നിവരാണ് ഭാഗ്യശാലികളായ ആ 5 സ്ത്രീകൾ. ഇവരിൽ ആർക്കും ഇത്ര മഹനീയമായ പദവിയിൽ എത്തുവാൻ യാതൊരു യോഗ്യതയോ, നിലവാരമോ ലോകദൃഷ്ടിയിൽ ഇല്ലാത്തവരാണ് എന്നതാണ് സത്യം. രാജാധിരാജനും ലോകരക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മാതാവും പിതാമഹികളും ആയിത്തീരുവാൻ ദൈവം തിരഞ്ഞെടുത്തു എന്നേ പറയുവാൻ സാധിക്കുകയുള്ളൂ. താമാരും, രാഹാബും കനാന്യസ്ത്രീകളും രൂത്ത് മോവാബ്യ സ്ത്രീയും, ബേത്ത്-ശേബ ഹിത്യ സ്ത്രീയും യേശുവിനെ പ്രസവിച്ച അമ്മയായ മറിയ യെഹൂദാജാതിക്കാരിയും ആയിരുന്നു. നമ്മുടെ ആത്മീയ ജീവിതത്തിന്റെ അതിമഹത്തായ ഒരു ചിത്രം ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഉല്പത്തി 38-ാം അദ്ധ്യായത്തിൽ നാം താമാരിനെ കാണുന്നു. യഹൂദാ തന്റെ മൂന്നാമത്തെ മകനായ ശേലയെ വിധവയും മരുമകളുമായ താമാരിനു ദേവരധർമ്മ പ്രകാരം ഭർത്താവാകുവാൻ അനുവദിച്ചില്ല. അതുകൊണ്ട് അവൾ വഴിതെറ്റിപ്പോകുവാൻ ഇടയായി. മനപ്പൂർവ്വം വേശ്യാ വേഷം ധരിച്ച് യഹൂദയെ ചതിവിൽപ്പെടുത്തി മഹാപാതകം ചെയ്ത് അവൾ ഗർഭിണിയായി. തന്റെ പാപത്തിന്റെയും മഹാ ദുഷ്ടതയുടെയും ശിക്ഷ അനുഭവിപ്പാൻ അവൾ അർഹയുമായിത്തീർന്നു. എങ്കിലും എത്ര അർഹതയില്ലാത്ത മഹാപാപിയായാലും ദൈവപുത്രനായ മശിഹായോടുള്ള ബന്ധത്തിൽ ദുഷ്ടന്മാരോടും നന്ദികെട്ടവരോടും ദയ കാണിക്കുന്ന സർവ്വകൃപാലുമായ ദൈവം അവളോടും കൃപ കാണിച്ച് അവൾക്ക് യഹൂദായിൽ ജനിച്ച മകനും ഭാവിയിൽ ദൈവപുത്രനായ മശിഹായോട് ബന്ധപ്പെടേണ്ടവനാകയാൽ ദൈവകൃപയാൽ അവനും മശിഹായുടെ വംശാവലിയിൽ ഉൾപ്പെടുവാൻ ദൈവം അനുവദിച്ചു. താമാരിനോടും അവളിൽ നിന്നു ജനിച്ച പേരെസിനോടും യേശുക്രിസ്തുവിൽക്കൂടെയുള്ള ബന്ധമാണ് അവർ ഇരുവരുടെയും പേരുകൾ മത്തായിസുവിശേഷത്തിൽ വരുവാൻ കാരണമായത്.

“എനിക്ക് കരുണതോന്നണം എന്നുള്ളവനോട് കരുണ തോന്നുകയും എനിക്ക് കനിവു തോന്നണം എന്നുള്ളവനോട് കനിവു തോന്നുകയും ചെയ്യും” എന്നാണല്ലോ വചനം. എഫെ. 2:3-8 വരെ അതാണ് സഹോദരിമാരായ നമ്മെയും ഓർപ്പിക്കുന്നത്.

താമാർ പാപിയായിരുന്നുവെങ്കിലും അവൾക്കു യഹൂദയിലൂടെ പേരെസ്സിനെ ജനിപ്പിക്കുവാൻ കഴിഞ്ഞു. ആ മകന്റെ പേരിനൊപ്പം അവന്റെ അമ്മയുടെ പേരും യേശുക്രിസ്തുവിന്റെ വംശാവലിയിൽ കാണുന്നു എന്നുള്ളത് എത്ര ആശ്ചര്യകരമാണ് (മത്തായി 1:3).

രണ്ടാമതായി വേശ്യാസ്ത്രീയായ രാഹാബ് എന്ന യെരിഹോനിവാസിനിയാണ് ആ പിതാമഹി. യോശുവ. 2:1 ൽ അവളെ നമുക്ക് തിരുവചനം പരിചയപ്പെടുത്തുന്നു. അവളുടെ ഉന്നതമായ ധാർമ്മിക നിലവാരമല്ല രാഹാബിനെ ഇത്ര മഹത്വകരമായ പദവിയിലേക്ക് അർഹയാക്കിത്തീർത്തത്. അവൾ വിശ്വസിച്ചു എന്നല്ലാതെ മറ്റു യോഗ്യതകളൊന്നും പറവാനായിട്ടില്ല (യോശുവ. 6:17,25). നമുക്കും തിരിഞ്ഞു നോക്കിയാൽ പറയാനായിട്ടുള്ളത് എന്താണ്? നാം ദൈവമക്കളായിത്തീർന്നത് നമ്മുടെ സൽ പ്രവൃത്തികളോ, പിതൃപാരമ്പര്യമോ, വ്യക്തിമാഹാത്മ്യമോ ഒന്നും കൊണ്ടല്ല, പിന്നെയോ നാം അവനിൽ വിശ്വസിച്ചു എന്നതു മാത്രമാണ്. കാരണം ദൈവം തന്റെ മഹാദയ പ്രകാരം നമുക്കും ഭാഗ്യം തന്നു എന്നു മാത്രം. നമ്മുടെ നീതി പ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെയത്രെ എന്നു നാം യെശയ്യ. 64:6 ൽ വായിക്കുന്നു. രാഹാബ് ചാരന്മാരെ ഒളിപ്പിച്ചത് വിശ്വാസത്തിന്റെ പ്രവൃത്തിയായിട്ടാണ്. വിശ്വാസം കൂടാതെ പ്രവൃത്തിയോ, പ്രവൃത്തി കൂടാതെ വിശ്വാസമോ ഫലം ചെയ്യുകയില്ല. വിശ്വാസവീരന്മാരുടെ പട്ടികയിൽ അവളുടെ പേരു കാണുന്നു (എബ്രാ. 11:31) അനന്തരഫലമായിട്ട് യഹൂദനായ ശൽമോനിൽ അവൾക്ക് ബോവസ് എന്നൊരു മകനെ പ്രസവിക്കാൻ ഭാഗ്യം ലഭിച്ചു (മത്തായി 1:5). രാഹാബിന്റെ മകനായ ബോവസും നമ്മുടെ വീണ്ടെടുപ്പുകാരന്റെ വംശവലിയിൽ ഒരു ബലവത്തായ കണ്ണിയായി ശോഭിക്കുന്നു.

അടുത്തതായി നവോമിയുടെ മരുമകളായ മോവാബുകാരി രൂത്തിന്റെ പേരാണ്. രൂത്ത് 1:4 ൽ ആണ് രൂത്തിന്റെ പേര് ആദ്യമായി കാണുന്നത്. ന്യായപ്രമാണ ദൃഷ്ട്യാ രൂത്ത് കുറവുള്ളവളാണ്. പത്താംതലമുറപോലും യഹോവയുടെ സന്നിധിയിൽ പ്രവേശിക്കരുതെന്നാണ് മോശെ മുഖാന്തിരമുള്ള ദൈവകല്പന (ആവ. 23:3). എങ്കിലും രൂത്തും നമ്മുടെ കർത്താവിന്റെ വംശാവലിയിൽ ധം വീണ്ടെടുപ്പാൻ കഴിവുള്ള ഒരാളെ ആവശ്യമായിരുന്നു. അവൾ ബോവാസ്സിന്റെ വയലിൽ ഇറങ്ങുവാൻ ഇടയായതു ഭാഗ്യവശാലായിരുന്നു. ലോകസ്ഥാപനത്തിനു മുൻപേ ദൈവം രൂത്തിനെ മുൻകണ്ടിരുന്നു. കൃപയാലാണ് ബോവാസ് രൂത്തിനെ വീണ്ടെടുത്തത്. രൂത്തിന്റെ ആത്മാർത്ഥവും ദൃഢ

വുമായ തീരുമാനവും നവോമിയോടുള്ള നിസ്സീമമായ സ്നേഹവും കൃപ ലഭിക്കുവാൻ ഇടയാക്കി. നമുക്കും നമ്മുടെ രക്ഷയെപ്പറ്റി ഇതു തന്നെയാണ് പറയുവാനുള്ളത്. മുമ്പേ നാമും പ്രകൃതിയാൽ ജാതികളായിരുന്നു. പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു. അവൻ നമ്മുടെ സമാധാനമായിത്തീർന്നു (എഫെ. 2:11-19). ഭാഗ്യവശാൽ സൗജന്യമായ നീതീകരണം ലഭിച്ചു എന്നുള്ളത് എത്ര പ്രമോദ വിഷയമായിരിക്കുന്നു (റോമർ.3:24). മോവാബ്യ വാസത്തിലൊരിക്കലും ഒരു കുഞ്ഞിനെ പ്രസവിക്കാൻ സാധിക്കാതെ പോയ രൂത്തിന് ബോവസ്സിൽ ഓബേദ് എന്നൊരോമനപ്പുത്രൻ ജനിച്ചു (മത്തായി 1:5). അങ്ങനെ യേശുക്രിസ്തുവിന്റെ വലിയമ്മയായി വംശാവലിയിൽ പേരും കിട്ടി. എന്തൊരു ഭാഗ്യം!

പിന്നീട് കാണുന്നത് ഊരിയാവിന്റെ ഭാര്യയെയാണ്. 2 ശമു. 11:3, 12-24 എന്നീ വാക്യഭാഗങ്ങളിൽ ബേത്ത് ശേബയുടെ ജീവിതത്തിന്റെ വഴിത്തിരിവ് കാണുവാൻ കഴിയും. ഹിത്യനായ ഊരിയാവിന്റെ ഭാര്യയുടെ പേര് വംശാവലിയിൽ പരിശുദ്ധാത്മാവ് മറച്ചു വെച്ചിരിക്കുന്നത് എന്തുകൊണ്ടാണ്? കാരണം അവളെ ഇത്ര ശ്രേഷ്ഠമായ സ്ഥാനത്ത് എത്തിച്ചിരിക്കുന്നത് അവളുടെ പാപമല്ല. നേരെ മറിച്ച് ദാവീദിന്റെ പാപമാണ്. ഈ പാപത്തിന്റെ ഫലമായി ജനിച്ച കുട്ടി മരിച്ചു. വളരെ ഖേദകരവും വ്യാപകവുമായ പരിണിത ഫലങ്ങളാണ് തുടർന്ന് ദാവീദിന്റെ ഭവനത്തിൽ ഉണ്ടായത്. "വാൾ അങ്ങും ഇങ്ങും നാശം ചെയ്യും" എന്ന് ദാവീദ് ദ്വയാർത്ഥത്തിൽ പറഞ്ഞത് ആ കുടുംബത്തിനു മേൽ പതിച്ചു. ഗലാ. 6:7-ൽ പറയുന്നതുപോലെ മനുഷ്യൻ വിതയ്ക്കുന്നത് കൊയ്യും. ദൈവത്തെ പരിഹസിച്ചു കൂടാ. ഒരു വിശ്വാസിയുടെ ജീവിതത്തിലെ നിമ്നോന്നതികളുടെ നിറംമങ്ങിയ ചിത്രമാണ് നാമിവിടെ കാണുന്നത്. ബലഹീനതകൾ ദൈവപൈതലിന്റെ ജീവിതത്തിലും സംഭവിക്കാം. എന്നാൽ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു വിധേയപ്പെടേണ്ടതാണ്. അനുതപിച്ച് ഏറ്റു പറയുവാൻ സാധിച്ചാൽ രക്ഷയുടെ സന്തോഷം തിരികെ കിട്ടും (സങ്കീ. 51:12). ദാവീദ് തന്റെ പാപത്തെ ഏറ്റു പറഞ്ഞ് ദൈവത്തോട് വാസ്തവമായി ക്ഷമായാചനം നടത്തിയപ്പോൾ ദൈവം ദാവീദിനെ അനുഗ്രഹിച്ചു. ബേത്ത്ശേബയെയും ദൈവം ഓർത്തു. അവൾക്കു പ്രഗത്ഭനായ മറ്റൊരു മകനെ നൽകി. ജ്ഞാനിയായ ശലോമോൻ. അങ്ങനെ ശലോമോന്റെ ജനനിയായി ഹിത്യസ്ത്രീയായ ബേത്ത്ശേബയും നമ്മുടെ കർത്താവിന്റെ വംശാവലിയിൽ പേരുകാരി ആയി (മത്തായി. 1:6).

ഒടുവിലായി നാം മറിയയെ കാണുന്നു. ദൈവത്തിന്റെ ദൂതൻ തന്നെ മറിയയെപ്പറ്റി പറയുന്നത്, "കൃപ ലഭിച്ചവളെന്നും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെന്നും ആണ്." പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവൾ ഗർഭം ധരിക്കുമെന്ന് സ്വപ്നത്തിൽ വെളിപ്പെട്ടപ്പോൾ മറിയ, ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്ന് ധൈര്യത്തോടും വിനയത്തോടുംകൂടി പറഞ്ഞ് താഴ്ത്തി ഏല്പിക്കുന്ന കന്യകയായ മറിയ. സാമാന്യബുദ്ധിക്ക് നിരക്കാത്ത ഒരു കാര്യമാണെന്നിരിക്കെ, മറ്റാരെയെങ്കിലും നിയോഗിക്കണമെന്ന് മോശെ ദൈവത്തിന് ആലോചന പറഞ്ഞുകൊടുക്കുന്നതുപോലെ ചെയ്യുവാൻ മുതിർന്നില്ല, മാത്രമല്ല, "നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" (ലൂക്കൊസ് 1-38) എന്ന് അനുസരണയോടെ പറയുന്ന വിവാഹനിശ്ചയം കഴിഞ്ഞു നിൽക്കുന്ന ഒരു കന്യക. എത്ര അനുകരണീയമായ വിനയവും അനുസരണാ മനോഭാവവുമാണ് മറിയയിൽ നമുക്ക് കാണുവാൻ കഴിയുന്നത്. പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ ദൂതന്റെ വാക്കുകൾ അവൾ കൈക്കൊണ്ടതിനാൽ സർവ്വലോകത്തിന്റെയും രക്ഷിതാവ് അവളിൽ നിന്നും ജാതനായി. ലോകപ്രകാരം നോക്കിയാൽ വലിയ പേരും പെരുമയും ഒന്നും പറയുവാൻ ഇല്ലാത്ത സാധാരണക്കാരിൽ സാധാരണക്കാരിയായ യെഹൂദാ ഗോത്രക്കാരിയായ മറിയയിൽ ക്രിസ്തു ഉരുവാകുവാൻ ദൈവം പ്രസാദിച്ചു. പ്രിയ സഹോദരിമാരെ, ദൈവകല്പന പൂർണ്ണമായും സ്വീകരിച്ച് അനുസരിക്കുക മാത്രമാണ് ക്രിസ്തുവിനെ നമ്മിൽ പ്രദർശിപ്പിക്കുവാനുള്ള ഒരേ ഒരു വഴി. നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതത്തിന് നമ്മെത്തന്നെ സമർപ്പിക്കുവാൻ ഇടയാകട്ടെ. അങ്ങനെ മറിയയിൽ നിന്നും ക്രിസ്തു എന്നു പേരുള്ള യേശു അവതാരം ചെയ്തു (മത്തായി 1:16).

രക്ഷ പാപികൾക്കുള്ളതാണെന്ന് വിശ്വസിക്കുന്ന ഏവർക്കും രക്ഷ ലഭ്യമാണെന്നും താമാരും രാഹാബും നമ്മെ പഠിപ്പിക്കുന്നു. രൂത്തിന്റെ ജീവിതത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് സൗജന്യമായ രക്ഷ കൃപയാൽ വരുന്നു എന്നതാണ്. രക്ഷയുടെ സന്തോഷം നിലനിർത്തുന്നതിന്, ഒരു വിശ്വാസി തന്റെ പാപങ്ങളെ ഏറ്റു പറയേണ്ടത് ആവശ്യമാണെന്ന് ബേത്ത്-ശേബയുടെ ജീവചരിത്രം നമ്മെ പഠിപ്പിക്കുന്നു. പൂർണ്ണവിനയത്തോടും പൂർണ്ണമനസ്സോടും കൂടെ ദൈവത്തിലാശ്രയിച്ച് അനുസരിക്കുന്ന വ്യക്തിയെ ദൈവം പ്രത്യക്ഷമായിത്തന്നെ അനുഗ്രഹിക്കുമെന്ന് മറിയയുടെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. ലോകാവസാനത്തോളം എല്ലാ തലമുറയും മറിയയെ "ഭാഗ്യവതി" എന്നു വാഴ്ത്തുന്നു. എത്ര ധന്യമാണ് മറിയയുടെ ജീവിതം. സഹോദരിമാർക്കുള്ള വലിയ പാഠമാണിത്. ●

# മാളികമുറി പ്രഭാഷണം - 8

ഡോ. ഒ.എം. സാമുവേൽ

യേശുക്രിസ്തു എല്ലാ ശിഷ്യന്മാരുടെയും കാലുകൾ കഴുകിയെങ്കിലും മൂന്നു പേരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. യോഹന്നാൻ, പത്രൊസ്, യൂദാ എന്നിവരാണ് ആ മൂന്നു വ്യക്തികൾ. യോഹന്നാൻ, പത്രൊസ് എന്നിവരുടെ ജീവിതത്തിൽ കാൽ കഴുകൽ ശുശ്രൂഷ കൊണ്ടുണ്ടായ വിപ്ലവകരമായ മാറ്റം നമുക്കും കൈവരുത്താവുന്ന അനുഗ്രഹങ്ങളാണ്. ഇവരിൽ യോഹന്നാൻ തികഞ്ഞ ഒരു ആത്മികന്റെ ചിത്രമാണ്. യേശുക്രിസ്തുവിന്റെ മാർവ്വിടത്തിൽ ചാരി യേശുക്രിസ്തു സ്നേഹിച്ച ശിഷ്യൻ എന്ന പേരിൽ അറിയപ്പെടുന്നവനാണ്. ഈ തികഞ്ഞ ആത്മികന്റെ ജീവിതത്തിലെ കുറവ് നാം സാധാരണ ശ്രദ്ധിക്കാറില്ല. ആത്മീയഗർവ്വം (Spiritual pride) എന്ന വലിയ പാപം അവനെ ഗ്രസിച്ചിരുന്നു. യേശുക്രിസ്തുവിനെ അനുഗമിച്ച ശിഷ്യന്മാരിൽ യോഹന്നാനും യാക്കോബും സഹോദരന്മാരായിരുന്നല്ലോ. അവർ യേശുക്രിസ്തുവിനോട് ഒരപേക്ഷ കഴിക്കുന്നത് നാം ശ്രദ്ധിച്ചാൽ അവരുടെ ആത്മീയഗർവ്വം നമുക്കു കാണാൻ കഴിയും. മർക്കൊസ് 10:35-38-ലും മത്തായി 20:20-24-ലും ഈ സംഭവം വിവരിച്ചിട്ടുണ്ട്.

മത്തായി എഴുതിയ സുവിശേഷത്തിൽ അമ്മയാണ് ഈ ആവശ്യം യേശുക്രിസ്തുവിന്റെ അടുത്ത് അവതരിപ്പിക്കുന്നത്. എന്താണ് ആവശ്യം? നിന്റെ രാജ്യത്തിൽ ഒരുവൻ വലത്തും മറ്റവൻ ഇടത്തും ഇരിക്കുവാനുള്ള വരം നൽകേണമെന്നുള്ളതാണ് അമ്മയുടെ ആവശ്യം. മർക്കൊസ് എഴുതിയ സുവിശേഷത്തിൽ യോഹന്നാനും യാക്കോബും ആണ് ഈ ആവശ്യം ഉന്നയിക്കുന്നത്. യേശുക്രിസ്തുവിന്റെ രാജ്യത്തിൽ ഏറ്റവും നല്ല രണ്ട് അധികാരസ്ഥാനങ്ങൾ അവർക്കു വേണം. തികച്ചും ആത്മീയനായ യോഹന്നാനും അധികാരസ്ഥാനത്തിനു വേണ്ടിയുള്ള മോഹം വളരെയുണ്ടായിരുന്നു. ഇവരുടെ ഈ ആവശ്യം തങ്ങളിൽ ആരാണ് വലിയവൻ എന്ന പ്രശ്നം രൂക്ഷമാകാൻ കാരണമാക്കി എന്നു കരുതാം. ഇവരുടെ ചോദ്യത്തിന്റെ അർത്ഥമില്ലായ്മ കർത്താവ് തെളിയിച്ചു കൊടുത്തു. എന്നാൽ ഭക്ഷണം കഴിഞ്ഞ് യോഹന്നാനിൽ സാരമായ മാറ്റം വന്നുയെന്നു കാണാം. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ തന്നെ പരിചയപ്പെടുത്തുന്നത് ശ്രദ്ധിക്കുക. നിങ്ങളുടെ സഹോദരനും യേശുക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കൂട്ടാളിയുമായ യോഹന്നാൻ. ദൈവരാജ്യത്തിലെ മന്ത്രിസ്ഥാനത്തിനുവേണ്ടി ആഗ്രഹിച്ച യോഹന്നാന് ആ സ്ഥാനമാനങ്ങൾ ഒന്നും ആവശ്യമില്ല. കേവലം ഒരു സഹോദരൻ, യേശുക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കൂട്ടാളി, ഇതിനെക്കാൾ വലിയ പദവിയെന്താണുള്ളത്. യേശുക്രിസ്തുവിന്റെ കഴുകലോടെ യോഹന്നാന്റെ ആത്മീയഗർവ്വം എല്ലാം പമ്പകടന്നു. പ്രിയമുള്ളവരേ, ഇതുപോലെ ആത്മീയഗോളത്തിൽ യോഗ്യന്മാരായ ധാരാളം പേർക്കും സംഭവിച്ചിരിക്കുന്ന ഒരു പരാജയകാരണം ഇതുതന്നെയല്ലേ. ആത്മീയ കാര്യങ്ങളിൽ വളരെ ഉത്സാഹം, സഭയിലെ പ്രധാന മൂപ്പൻപദവി, കമ്മിറ്റികളിലെ പ്രസിഡന്റ് സ്ഥാനം, ഇതിനു വേണ്ടി നടത്തുന്ന വടംവലികൾ എത്ര മോശമാണ്. അധികാര സ്ഥാനങ്ങൾക്കു വേണ്ടിയുള്ള മോഹം നമ്മുടെ ആത്മീയതയെ നശിപ്പിക്കുന്നവയാണ്. യേശുക്രിസ്തുവിന്റെ കഴുകലിനു വേണ്ടി നമ്മെ തന്നെ ഏല്പിച്ചുകൊടുക്കാം, നമ്മുടെ ആത്മീയഗർവ്വം ഇല്ലാതാകട്ടെ. അധികാരത്തിനു പകരം സേവനത്തിന്റെ, ശുശ്രൂഷയുടെ മാർഗ്ഗം നമുക്കു തിരഞ്ഞെടുക്കാം. കർത്താവ് സഹായിക്കട്ടെ.

അടുത്ത വ്യക്തി, പത്രൊസ് യേശുക്രിസ്തുവിന്റെ വിളി കേട്ട് സകലവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. പക്ഷേ ജഡത്തിന്റെ ശക്തി തന്നിൽ തേർവാഴ്ച നടത്തുന്നു. ഒരു ജഡീകവിശ്വാസിയുടെ ചിത്രം പത്രൊസിൽ കാണാം. ഏതിനും മുൻപന്തിയിൽ കാണും. സ്വയത്തിന്റെ തലയെടുപ്പ് എവിടെയും കാണാം. സ്വയത്തിൽ ആശ്രയിച്ചുകൊണ്ടുള്ള പ്രവർത്തനശൈലിയുടെ ഉടമയായിരുന്നു പത്രൊസ്. യേശുക്രിസ്തുവിനു വേണ്ടി ജീവൻ വെച്ചുകൊടുക്കാൻ തയ്യാറാണെന്ന് പത്രൊസ് വീമ്പടിച്ചു. യേശുക്രിസ്തു പത്രൊസിനോടു പറഞ്ഞു.

“പത്രൊസേ കോഴി കൂകുന്നതിനു മുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയും.” കർത്താവ് പറഞ്ഞതുപോലെ തന്നെ സംഭവിച്ചില്ലേ? ഒരു പരിചാരകിയുടെ മുമ്പിൽ യേശുവിനെ തള്ളിപ്പറയുവാനും പ്രാകുവാനും ആണയിടുവാനും വരെ തയ്യാറായ പത്രൊസ്. പക്ഷേ പത്രൊസിനെ കർത്താവ് ഒന്നു നോക്കി. ആ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി. പത്രൊസ് വെളിയിൽ പോയി കരഞ്ഞു. കർത്താവ് പത്രൊസിനെ ഉപേക്ഷിച്ചില്ല. പത്രൊ

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം. 100

**വിഷയം : വിശ്വാസികളുടെ ശരീരം – വചന വെളിച്ചത്തിൽ**

**വായനഭാഗം** : റോമ. 6,12, 1 കൊരി. 3,6, ഫിലി. 3

1. നിങ്ങളുടെ ശരീരം ആരുടെ മന്ദിരമാകുന്നു?
2. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനുള്ള ശിക്ഷ എന്ത്?
3. ക്രിസ്തു പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ച് ദൈവത്തിന്നു ജീവിക്കുന്നതുപോലെ നിങ്ങളും പാപസംബന്ധമായി മരിച്ച് ആർക്കുവേണ്ടി ജീവിക്കുന്നു എന്ന് എണ്ണണം?
4. നിങ്ങൾ താന്താങ്ങൾക്ക് ഉള്ളവരല്ല; കാരണം എന്ത്?
5. നിങ്ങളുടെ ശരീരങ്ങൾ ആരുടെ അവയവങ്ങളാണ്?
6. നിങ്ങളുടെ അവയവങ്ങളെ എന്തിന് അടിമകളായി സമർപ്പിക്കണം?
7. നിങ്ങളുടെ ശരീരങ്ങളെ എങ്ങനെയുള്ള യാഗമായി സമർപ്പിക്കണം?
8. നിങ്ങളുടെ ശരീരം കൊണ്ട് ആരെ മഹത്വപ്പെടുത്തണം?
9. നമ്മുടെ താഴ്ചയുള്ള ശരീരത്തിന്റെ ഭാവി ശ്രേഷ്ഠത എന്ത്?

ആധാരമായ വേദവാക്യം (നമ്പർ) ആദ്യം കുറിച്ച് ആശയം എഴുതണം. ധ്യാനവിഷയത്തോടു ബന്ധപ്പെട്ട ഒത്തുവാക്യം ഉണ്ടെങ്കിൽ വാക്യ നമ്പരും ആശയവും ചേർത്ത് എഴുതണം. പൂർണ്ണ വിലാസവും ഒപ്പും ഉണ്ടായിരുന്നേ തീരൂ. പ്രശ്നാവലി നമ്പർ. 99 ന്റെ ഉത്തരം എഴുതിക്കഴിഞ്ഞു മാത്രം ഇതിന്റെ ഉത്തരം എഴുതിയാൽ മതിയാകും. 15-08-2008 വരെ കിട്ടുന്ന ഉത്തരം പരിഗണിക്കാം.

**പ്രത്യേക പോത്സാഹന സമ്മാനം**

പ്രശ്നാവലി നമ്പർ 94-99 നുള്ള സമ്മാനം കൂടാതെ 100-ാം പ്രശ്നാവലിക്കു മാത്രമായി പ്രത്യേകം സമ്മാനം ഉണ്ടായിരിക്കും. അതിലേക്ക് ദൈവമക്കൾ മാനേജർക്ക് അയച്ചുതരുന്ന കൂട്ടായ്മയും സ്വീകരിക്കും. ഈ ശുശ്രൂഷ ഇത്രത്തോളം തുടരുവാൻ സഹായിച്ച ദൈവത്തിനു സ്തോത്രം.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/0 ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. – 689547.**

---

സിന്റെ പിന്മാറ്റത്തെ ചികിത്സിച്ചു സൗഖ്യമാക്കി. പെന്തക്കൊസ്തു നാളിൽ യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പത്രൊസ് തന്നെ യെഹൂദജനത്തിന്റെ മധ്യത്തിൽ നിന്ന് കൊണ്ട് അവരുടെ നേരെ വിരൽ ചൂണ്ടി കൊണ്ട് ഉച്ചത്തിൽ പ്രസംഗിച്ചു. നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ പിതാവായ ദൈവം സകലത്തിനും നാഥനും കർത്താവും ആക്കിയെന്ന്. എത്ര വലിയ ധൈര്യം. ഈ പത്രൊസാണ് യേശുക്രിസ്തുവിനു വേണ്ടി രക്തസാക്ഷി മരണം കൈവരിച്ചത്.

അടുത്തത് യൂദയാണ്. നേരത്തെ മനസ്സിലാക്കിയത് പോലെ യൂദയ്ക്ക് യേശുവിനെ രക്ഷകനും കർത്താവുമായി അംഗീകരിക്കുവാൻ ധാരാളം സാധ്യതയുണ്ടായിരുന്നു. സ്വർഗ്ഗരാജ്യത്തിന്റെ പടിവാതിൽ വരെ എത്തിയതായിരുന്നു. യേശുക്രിസ്തുവിനെ കർത്താവ് എന്ന് ഏറ്റുപറയുവാൻ യൂദയ്ക്ക് സാധിച്ചിരുന്നില്ല. യൂദയെയും യേശുക്രിസ്തു കഴുകി, പക്ഷെ ഒരു പ്രയോജനവും ഉണ്ടായില്ല. പ്രകാശത്തിൽ നിന്നും ഇരുട്ടിലേക്കാണ് അവൻ പോയത്. പ്രിയ ദൈവമക്കളേ, അവൻ നമ്മെ കഴുകിയാൽ നാം അനുഗ്രഹീതരാകും. യേശുക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷ ദൈവമക്കൾക്കു മാത്രമുള്ളതാണ്. പാപികൾക്ക് അതുകൊണ്ട് ഒരു പ്രയോജനവുമില്ല. **(തുടരും)**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**E.G.M.ന്റെ പ്രവർത്തനം**: E.G.M. കുട്ടമ്പുഴ യ്ക്കടുത്ത് മണികണ്ഠൻചാൽ എന്ന സ്ഥലത്ത് ഒരു പുതിയ പ്രവർത്തനം ആരംഭിക്കുവാനും 2008 മാർച്ച് 4-6 വരെ ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്തുവാനിടയായി. 20 ഓളം സുവിശേഷകന്മാർ സഹകരിച്ചു. രാത്രി യോഗങ്ങളിൽ ദേശവാസികൾ പങ്കെടുക്കുകയും പലരും പരസ്യമായി കർത്താവിനെ സ്വീകരിക്കുകയും ചെയ്തു. വി.എം. പോൾ, എം.വി. വർക്കി, കെ.ജെ. ജോർജ്ജ് എന്നിവർ വചനം ശുശ്രൂഷിച്ചു. ആറന്മുള ബേബി ഗാനശുശ്രൂഷ നിർവ്വഹിച്ചു. ബഥനി ബൈബിൾ സ്കൂളിലും ബി.ബി.ഐ. പത്തനംതിട്ടയിലും വചന പഠനം പൂർത്തിയാക്കിയ കെ.ജെ. ജോർജ്ജ് ഈ സ്ഥലത്ത് തുടർന്ന് പ്രവർത്തിക്കുന്നു. എത്രയും വേഗത്തിൽ ഒരു കൂടിവരവ് ഉണ്ടാകുന്നതിനായി ദൈവമക്കൾ പ്രാർത്ഥി ക്കുകയും സഹകരിക്കുകയും ചെയ്യണമെ. ബന്ധപ്പെ ടുവാൻ താല്പര്യപ്പെടുന്നവർ 9447984468 ൽ വിളിക്കുക. K.J. George, Kollamkudiyil, Kunnackkal P.O., Muvattupuzha - 682316

**S P S F സംയുക്ത കൺവൻഷൻ - ശബരിമാങ്കൽ:** S P S F സ്ഥലം സഭകൾ ചേർന്ന് നടത്തി വരുന്ന 13-ാ മത് സംയുക്ത കൺവൻഷൻ 2008 ഏപ്രിൽ 2-6 വരെ തടിയൂർ ശബരിമാങ്കൽ എൻ.എം.എൽ.പി. സ്കൂളിൽ വച്ച് നടന്നു. പ്രൊഫ. മാത്യൂസ് ഏബ്രഹാം, ചാണ്ടപ്പിള്ള ഫിലിപ്പ്, പി.വി. ബഞ്ചമിൻ, പി.എം. ജോർജ്ജുകുട്ടി എന്നിവർ പ്രസംഗകർ ആയിരുന്നു. മിഷനറി സമ്മേളനം, കുടുംബസംഗമം, സോദരീ സമാജം വാർഷിക സമ്മേളനം എന്നീ ശുശ്രൂഷകളും എഴുമറ്റൂർ വെണ്ണിക്കുളം എന്നീ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടത്തി. ശനിയാഴ്ച നടന്ന സ്നാന ശുശ്രൂഷയിൽ 21 പേർ സ്നാനപ്പെട്ടു. ഞായറാഴ്ച 39 സ്ഥലം സഭകൾ ചേർന്നുള്ള സംയുക്ത ആരാധനയിൽ 1000ത്തോളം വിശ്വാസികൾ സംബന്ധിച്ചു. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക കൂട്ടായ്മകൾ നല്കുകയും ചെയ്തവർക്ക് നന്ദി അറിയിക്കുന്നു. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. കൺവീനർ, ഈട്ടിക്കൽ കുഞ്ഞുമോൻ, കൊട്ടാരക്കര.

**കുവൈറ്റിൽ ഒരു പുതിയ കൂടിവരവ് :** ബ്രദറൺ ബിലീവേഴ്സ് അസംബ്ലിയിലെ ചില സഹോദരന്മാർ അബ്ബാസ്സിയ എന്ന സ്ഥലത്ത് 2002 മുതൽ നടത്തി വരുന്ന സുവിശേഷ പ്രവർത്തനങ്ങൾ മുഖാന്തരം രക്ഷിക്കപ്പെട്ട് സഭാകൂട്ടായ്മയിലേക്ക് വന്നവരുടെ ആത്മിക വളർച്ചയെ ലക്ഷ്യമാക്കി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി എന്ന പേരിൽ ഒരു പുതിയ സഭാകൂടിവരവ് 2008 ഫെബ്രു. 15 ന് അബ്ബാസ്സിയായിൽ ആരംഭിച്ചു. മലയാളികൾ ഏറെ തിങ്ങിപ്പാർക്കുന്ന അബ്ബാസ്സിയായിലും പരിസരപ്രദേശങ്ങളിലും സുവിശേഷ പ്രവർത്തനങ്ങൾ ഫലകരമായി നിർവ്വഹിക്കുക എന്നതാണ് ആഗ്രഹിക്കുന്നത്. ഈ സഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കുമായി പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. താൽക്കാലിക വിലാസം: C.B.A.K., P.O. Box 20231 Safat, 13063 Kuwait. Email : cbakuwait@gmail.com സഭയ്ക്കു വേണ്ടി ജോൺ ജോർജ്ജ്, ജോയി ജോൺ, സ്കറിയാ റ്റി. ജോർജജ്.

**കുന്നൻപാറ** : തിരുവനന്തപുരം ജില്ലയിൽ കുന്നൻപാറ (തിട്ടമംഗലം) എന്ന സ്ഥലത്ത് 2005 ൽ പ്രവർത്തനം ആരംഭിച്ചു. 2008 ഏപ്രിൽ 19 ന് 4 സെന്റ് സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന ഷീറ്റിട്ട പഴയ ഷെഡും സ്റ്റുവേർഡ് അസോസിയേഷന്റെ പേരിൽ എഴുതി പ്രമാണം ചെയ്യുവാൻ കർത്താവു സഹായിച്ചു. 2008 ഏപ്രിൽ 21-25 വരെ അവിടെ വെച്ച് വി.ബി.എസ്. നടന്നു. 51 കുട്ടികൾ സംബന്ധിച്ചു. പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നു വരുന്നു. ഈ വിഷയത്തിൽ കൂട്ടായ്മ കാണിച്ച എല്ലാ ദൈവമക്കൾക്കും ഞങ്ങളുടെ നന്ദി അറിയിക്കുന്നു. ശേഷിച്ച പണികൾ ചെയ്ത് തീർത്തശേഷം വരവു ചെലവു കണക്കുകൾ ഓഡിറ്റ് ചെയ്ത് കൂട്ടായ്മ നൽകിയവർക്ക് അയച്ചു കൊടുക്കുന്നതാണ്. ഈ പ്രവർത്തനത്തെ പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് കെ. തമ്പി, എസ്. ജി. ഗിൽബർട്ട്. St. Mary Church lane, Maruthanvila Veedu, Kunnapuzha, Aramada P.O., T.V.M. 695032.

**സുവിശേഷ യോഗവും സംഗീത ശുശ്രൂഷയും** : പുതിയ സ്ഥലം സഭാ രൂപീകരണത്തിന്റെ ലക്ഷ്യത്തോടുകൂടെ പായിപ്പാട്, കാരിച്ചാൽ, ആനാരി എന്നീ സ്ഥലങ്ങളിൽ സുവിശേഷ യോഗവും സംഗീത ശുശ്രൂഷയും ഫിലിം പ്രദർശനവും 2008 മെയ് 12-14 വരെ നടന്നു. ഭവന സന്ദർശനവും പരസ്യ യോഗവും രാത്രിയോഗങ്ങളും നടന്നു. ഈ പ്രവർത്തനത്തിന്റെ ഫലമായി അനേകർ ദൈവവചനം കേൾക്കുകയും കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുന്നതും കാണാൻ ഇടയായി. പുതിയ ഒരു കൂടിവരവ് ഉണ്ടാകുവാൻ പ്രാർത്ഥിക്കണമെ. ശാമുവൽ റ്റി. ഫിലിപ്പ്, ജോർജ്ജ് ചാക്കോ, കെ.വി. തോമസ് എന്നിവർ വചനം ശുശ്രൂഷിച്ചു. സംഗീത ശുശ്രൂഷ Hevenly Hymns ഉം ഫിലിം പ്രദർശനം പ്രഷ്യസ് ലൈഫ് മിനിസ്റ്ററിസും നടത്തി. കഴിഞ്ഞ 2 വർഷമായി വർഗ്ഗീസ് മത്തായി കുടുംബമായി ഈ സ്ഥലത്ത് പ്രവർത്തിക്കുകയും അതിന്റെ ഫലമായി ചില കുടുംബങ്ങൾ രക്ഷിക്കപ്പെടുകയും അവർ സ്നാനപ്പെടുവാൻ താല്പര്യപ്പെടുകയും ചെയ്യുന്നു. ഇവിടെ ഉള്ള പ്രവർത്തനങ്ങളെ ഓർത്തു ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെ. വിലാസം വർഗീസ് മത്തായി, കിഴക്കേ അമ്പിയായാം, സെന്റ് ജോർജ്ജ് ചർച്ചിന് സമീപം (വൈ.എം.സി.എ.), എടത്വാ പി.ഒ., 689573, ഫോൺ : 9495440209.

**ലംതാപുട് :** ജനു. - മാർച്ച് വരെ 297 ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാനിടയായി. ചിലർ വിശ്വാസത്തിലേക്ക് വന്നു. ഏപ്രിൽ 1-6 വരെ ഉൾഗ്രാമങ്ങളിൽ സുവിശേഷ യോഗങ്ങൾ നടന്നു. ഏപ്രിൽ 30 - 3 മെയ് വരെ കുട്ടികൾക്കായി സുവിശേഷ ക്യാമ്പ് നടന്നു. 63

കുട്ടികൾ പങ്കെടുത്തു. നമ്മുടെ പ്രവർത്തനങ്ങൾ ഇല്ലാതിരുന്ന മൽക്കാൻഗിരി, കേന്ദ്രപ്പാറ എന്നീ ജില്ലകളിൽ പ്രവർത്തനങ്ങൾ അനുഗ്രഹമായി പുരോഗമിക്കുന്നു. ഈ വർഷവും ജൂൺ 16- ഡിസം. 14 വരെ 6 മാസത്തെ ബൈബിൾ ട്രെയിനിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. ഗ്രാമസുവിശേഷ പ്രവർത്തനങ്ങളിലൂടെ രക്ഷയിലേക്ക് വന്നതും തിരുവചനം പഠിക്കുവാൻ താല്പര്യമുള്ളവരുമായ 16 തദ്ദേശീയ യുവാക്കന്മാരെ ഒരുക്കിയെടുക്കുക എന്നതാണ് ലക്ഷ്യം. നിങ്ങളുടെ സഹായ സഹകരണം അപേക്ഷിക്കുന്നു. സഭയ്ക്കുവേണ്ടി ലക്ഷ്മീകാന്ത് മണ്ഡൽ, K.C. Thomas, Bethel, College Road, Lamtaput- 764 081, Orissa.

## രോഗി

**ബുക്കാറോ സ്റ്റീൽസിറ്റി:** 26-2-08 ന് ഉണ്ടായ വീഴ്ച മൂലം തലച്ചോറിൽ നിന്നും കയ്യിലേക്ക് വരുന്ന ഞരമ്പിന്റെ സ്വാധീനത കുറഞ്ഞതിനാൽ വലത്തു കൈ ബലഹീനമായിതീർന്നു. എക്സ്റേ, സി.റ്റി. സ്കാൻ. എം.ആർ.ഐ. ടെസ്റ്റുകളുടെ റിസൽട്ട് നെഗറ്റീവായതിനാൽ ഒരു മേജർ ഓപ്പറേഷൻ വേണമെന്ന് ഡോക്ടേഴ്സ് അഭിപ്രായപ്പെടുന്നു. തുടർന്നുള്ള ചികിത്സയ്ക്കും സൗഖ്യത്തിനുമായി ദൈവജനം പ്രാർത്ഥിക്കണമെ. എന്ന് K. Gopalakrishnan Qr No. 2147/4A, Buckaro Steel City, Jharkand, 827004

## സുവിശേഷ വയലിലേക്ക്

**മുള്ളിലവുവിള (തിരുവനന്തപുരം)** : 2 വർഷങ്ങൾക്കു മുമ്പ് ഈ സ്ഥലം സഭാബന്ധത്തിലേക്കു വന്ന സഹോ. രാജനും കുടുംബവും നോർത്ത് ഇന്ത്യയിൽ വെച്ചാണ് ബാപ്റ്റിസ്റ്റ് ബന്ധം വിട്ട് നമ്മോടുള്ള ബന്ധത്തിലേക്ക് വന്നത്. പിന്നീട് ഡൽഹിയിൽ ബദർപൂർ ഹെബ്രോൻ ബ്രദറൺ അസംബ്ലി ബന്ധത്തിൽ ആയിത്തീരുകയും ആ പ്രദേശങ്ങളിൽ കർത്താവിന്റെ വേലയിൽ ഏർപ്പെട്ടു പോരുകയും ചെയ്യുന്നു. സ്വദേശത്തുള്ള മുള്ളിലവുവിളയിലുള്ള ദൈവമക്കളെ പരിചയപ്പെടുകയും നാട്ടിൽ വരുമ്പോഴൊക്കെ ഈ സ്ഥലം സഭാബന്ധത്തിലായിരിക്കുകയും ചെയ്യുന്നു. പ്രിയ രാജന്റെ ദൈവവിളിയെക്കുറിച്ചും വേലയോടുള്ള തന്റെ ആത്മാർത്ഥതയും സത്യസന്ധതയും ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കർത്താവിന്റെ വേലക്കാരൻ എന്ന നിലയിൽ ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയും കൈത്താങ്ങലുകളും സഹോദരനും കുടുംബവും അർഹിക്കുന്നു എന്നുള്ള കാര്യം ദൈവജനത്തിന്റെ അറിവിനായി ഞങ്ങൾ സഭയായി സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. തനിക്ക് ഭാര്യയും 2 മക്കളുമുണ്ട്. വിലാസം R. Rajan P.O. Box 7385, S.N. Puri P.O., New Delhi - 110065. എന്ന് സഭയ്ക്കു വേണ്ടി എൻ.എ. മാത്യു, എൻ. ഡേവിഡ്.

**തൃക്കൈകുത്ത് :** മലപ്പുറം ജില്ലയിൽ നിലമ്പൂരിനടുത്ത് തൃക്കൈകുത്ത് സഭയിൽ കുടുംബമായി കർത്താവിനെ ആരാധിച്ചു വരുന്ന സഹോദരനാണ് ജോർജ്ജ് തോമസ്. താൻ ഈ സഭയോട് ചേർന്ന് ഒന്നര വർഷമായി പൂർണ്ണ സമയം സുവിശേഷ വേല ചെയ്തുവരുന്നു. സുവിശേഷ പ്രവർത്തനങ്ങളിലും മറ്റ് ആത്മീയ ശുശ്രൂഷകളിലും വളരെ കൃപയും ഉത്സാഹവുമുള്ള സഹോദരനാണ് ജോർജ്ജ് തോമസ്. തന്നെ സുവിശേഷ വേലയ്ക്കായി കർത്താവ് വിളിച്ചിട്ടുണ്ട് എന്ന് സഭയ്ക്ക് ബോധ്യമായിരിക്കുന്നു. ഒരു പൂർണ്ണസമയം സുവിശേഷകനായി തന്നെ സഭ അംഗീകരിക്കുകയും ദൈവജനത്തിന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. സഹോദരനേയും കുടുംബത്തേയും ഓർത്തു പ്രാർത്ഥിക്കണമെ. വിലാസം George Thomas, Venchalil House, Thrikkaikuth, Kappil P.O., Wandoor (Via), Malappuram - 679328. എന്ന് സഭയ്ക്കുവേണ്ടി വി.എ. തോമസ്, ജയിംസ് വി.റ്റി., കെ.പി. മത്തായി.

**മഞ്ചവിളകം :** തിരുവനന്തപുരം ജില്ലയിൽ മഞ്ചവിളകം ബ്രദറൺ അസംബ്ലി കൂട്ടായ്മയിലും പ്രവർത്തനത്തിലും സഹകരിച്ചുകൊണ്ടിരുന്ന എം.എസ്. അലക്സാണ്ടറും കുടുംബവും പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി വേർതിരിയുകയും വടക്കേ ഇന്ത്യയിൽ ഛത്തീസ്ഗഡിൽ ദുർഗ് ജില്ലയിൽ പദ്മനാഭപൂർ എന്ന സ്ഥലത്ത് സിബു തോമസിനോടൊത്ത് പ്രവർത്തിച്ചു വരുന്നു. സഹോദരന്റെ സുവിശേഷവേലയ്ക്കുള്ള വിളിയും തിരഞ്ഞെടുപ്പും പ്രവർത്തനവും സഭയ്ക്ക് ബോധ്യമായിരിക്കുന്നതിനാൽ സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെ. വിലാസം: Alexander M.S. C/o Sibu Thomas, Agape, M-537, Padmanabhapur, Durg, Chattisgarh-491001 സഭയ്ക്കുവേണ്ടി എൻ. ബാലരാജ്, ബി. സാമരാജ്, എം.എസ്. ഏബ്രഹാം

**മാണ്ടാട് :** മാണ്ടാട് ബ്രദറൺ അസംബ്ലിയിലെ സഹോ. പുത്തൻപുരയ്ക്കൽ വർഗീസ് കഴിഞ്ഞ നാളുകളിൽ കർതൃവേല വിശ്വസ്തതയോടെ ചെയ്തു വന്നതിന്റെയും താൻ സുവിശേഷവേലയ്ക്കായി വേർതിരിഞ്ഞു എന്നുള്ള തന്റെ സാക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ സഭയ്ക്ക് അക്കാര്യം ബോദ്ധ്യമായതിനാൽ സഹോദരനെ സ്ഥലം സഭയുടെ സുവിശേഷകനായി അംഗീകരിച്ചിരിക്കുന്നു എന്നുള്ള വിവരം ദൈവജനത്തിന്റെ പ്രാർത്ഥനകൂട്ടായ്മയ്ക്കായി അറിയിച്ചുകൊള്ളുന്നു. ഇപ്പോൾ തന്റെ ഭവനത്തിലാണ് സഭാ കൂടിവരവ്. സഹോദരനെയും ഭാര്യ എൽസിയെയും 3 മക്കളേയും തന്റെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് സഭയ്ക്കുവേണ്ടി ഷാൻ ജോർജ്ജ്, ഷൈൻ ജോർജ്ജ്. വിലാസം പി. കെ. വർഗീസ്, പുത്തൻപുരയ്ക്കൽ, പി.ഒ. മാണ്ടാട്, കല്പറ്റ, വയനാട്.

**കൊട്ടാരക്കര :** പുലമൺ ബ്രദറൺ സഭാംഗം സഹോ. സിജി വർഗീസ് ഇളന്താവിള, തെക്കേപുത്തൻവീട്, പനച്ചവിള, എടമുളക്കൽ പി.ഒ., കഴിഞ്ഞ 2 വർഷങ്ങളായി വളരെ താല്പര്യമായി സഭാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരികയായിരുന്നു. കർത്തൃവേലയ്ക്കായുള്ള തന്റെ വിളിയും തിരഞ്ഞെടുപ്പും സഭയ്ക്ക് ബോധ്യമായതിനാൽ തന്നെ സുവിശേഷകനായി അംഗീകരിക്കുകയും തന്നെയും കുടുംബത്തെയും സഭ പ്രാർത്ഥിച്ച് ദുർഗാപൂരിലേക്ക് പ്രവർത്തനത്തിനായി അയയ്ക്കുകയും

ചെയ്തു. തന്നെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമേ. വിലാസം Siji Varghese, Bible Bhavan, Subhaspalli Benachity, Durgapur - 713213

## അഭ്യർത്ഥന

**പള്ളിക്കുത്ത് :** മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ പള്ളിക്കുത്തിൽ ബ്രദറൺ സഭാകൂടിവരവ് ആരംഭിച്ചിട്ട് 40 വർഷമായി. ആരംഭത്തിൽ പുല്ലുമേഞ്ഞ ഒരു ഷെഡിലാണ് കൂടിവന്നത്. ചില നാളുകൾക്ക് ശേഷം ഒരു സാമൂഹിക വിരുദ്ധൻ ഈ ഷെഡ് തീ വെച്ച് നശിപ്പിച്ചു. അതിനുശേഷം പണിത ഒരു ചെറിയ ഹാളിലാണ് 35 വർഷത്തിലധികമായി ഇവിടെയുള്ള ദൈവജനം കൂടിവരുന്നത്. 18 ഭവനങ്ങളിൽ നിന്ന് 90 പേരോളം അംഗങ്ങളായിട്ടുണ്ട്. ഇപ്പോഴുള്ള ഹാളിൽ ഇത്രയും അംഗങ്ങൾ കൂടിവന്ന് ആരാധിക്കുന്നത് വളരെ ഇടുക്കത്തിലാണ്. ആയതിനാൽ ഞങ്ങൾക്ക് ഒരു ഹാൾ അത്യാവശ്യമായിരിക്കുന്നു. സഭയുടെ പേരിൽ ഉണ്ടായിരുന്ന 31 സെന്റ് സ്ഥലം 4–2–2006 ൽ സ്റ്റീവാർഡ് അസ്സോസിയേഷന്റെ പേരിൽ എഴുതിക്കൊടുക്കുകയുണ്ടായി. ഹോളു പണിയുടെ ആവശ്യത്തിലേക്കായി 65000 രൂപയോളം സഭയായി ഞങ്ങൾ സ്വരൂപിച്ചിട്ടുണ്ട്. ഞങ്ങൾ പ്രാർത്ഥിച്ചു വരുന്നത് 42x20 വലിപ്പത്തിലുള്ള ഒരു ഹാളിനുവേണ്ടിയാണ്. അതിനു വേണ്ടി 9 ലക്ഷത്തിൽ പരം രൂപാ വേണ്ടി വരുമെന്ന് കരുതുന്നു. ഇപ്പോൾ ഞങ്ങൾ സഹോ. ളാഹാമണ്ണിൽ ജോണിന്റെ ഭവനത്തിലാണ് ആരാധനയ്ക്കായി കൂടിവരുന്നത്. ബാക്കി തുക ദൈവജനത്തിന്റെ സഹകരണത്താൽ മാത്രമേ സാധിക്കുകയുള്ളൂ. ഞങ്ങളുടെ ആവശ്യം നിറവേറ്റപ്പെടാൻ ദൈവമക്കൾ പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. എന്ന് സഭയ്ക്കു വേണ്ടി എൽ.എം. ജോൺ, ഒ.വി. ജോർജ്ജ്, എം.എസ്. സാമുവൽ. മേൽപറഞ്ഞ പ്രസ്താവനകൾ എല്ലാം എനിക്ക് ബോധ്യപ്പെട്ടവയാണ്. ദൈവമക്കൾ സഹകരിക്കണമെ. V. Kuriakose Keezhellam (S.A.I. Joint Secretary). നിലമ്പൂർ കാനറാ ബാങ്കിൽ ജേയിന്റ് A/c. No. 212947 ഉണ്ട്. കൂട്ടായ്മ അയയ്ക്കേണ്ട വിലാസം L.M. Chacko, Lahamannil, Pallikuth (P.O), Chungathara, Malapuram - 679334, Ph: 04931 231580

## വിവിധ വിഷയങ്ങൾ

### പ്രത്യേക അറിയിപ്പ്

മഞ്ഞാലുമ്മൂട് (കന്യാകുമാരി) സുവി. ബാബു പി. ഹെൻട്രി മുഖാന്തരം രക്ഷിക്കപ്പെട്ടു എന്നും ഇപ്പോൾ സുവിശേഷകനാണെന്നും അറിയിച്ച് റ്റി.പി. ജോർജ്ജ് വേർപെട്ട സഭകൾ സന്ദർശിക്കുന്നതായി അറിയുന്നു. അദ്ദേഹത്തിന്റെ ഭാര്യ സൂസൻ ക്യാൻസർ രോഗബാധിതയാണെന്നും ശസ്ത്രക്രിയ ഉടൻ നടത്തണമെന്നും ആയതിലേക്ക് സഹായം ആവശ്യപ്പെട്ടുകൊണ്ട് സഭകളിൽ വന്ന് നല്ല തുക സംഭാവനയായി പിരിക്കുകയും ചെയ്യുന്നതായി വളരെ വ്യക്തമായി അറിഞ്ഞിട്ടുണ്ട്. അന്വേഷണത്തിൽ ബാബു പി. ഹെൻട്രിക്കോ തീരപ്രദേശ സഭകളിൽ ഉള്ളവർക്കോ ഈ വ്യക്തിയെപ്പറ്റി ഒരറിവുമില്ല എന്നറിയാൻ സാധിച്ചു. ആയതിനാൽ വ്യക്തമായ തെളിവുകൾ കൂടാതെ ഇദ്ദേഹവുമായി സഹകരിക്കരുതെന്ന് എല്ലാവരെയും അറിയിച്ചുകൊള്ളുന്നു. സ്വ. ലേ.

**മണർകാട് :** ഈ പ്രദേശത്തുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിൽ എബനേസർ ബൈബിൾ സ്കൂൾ എന്ന പേരിൽ ഒരു സായാഹ്ന വേദപഠനശാല 2008 മാർച്ച് 16 ന് പൈനങ്കൽ ബിൽഡിംഗ്സിൽ (മണർകാട് ടൗൺ ബ്രദറൺ സഭാഹാൾ) ആരംഭിച്ചു. മലയാളം മീഡിയത്തിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സാണ് ആരംഭിച്ചിരിക്കുന്നത്. ഞായർ, തിങ്കൾ, ചൊവ്വ എന്നീ ദിവസങ്ങളിൽ വൈകുന്നേരം 6.30 – 8.30 വരെയാണ് സമയം ക്രമീകരിച്ചിരിക്കുന്നത്. റ്റി.എ. ജോസഫ്, ഗോഡ്ലി കുര്യൻ, ഐസക് സാം എന്നിവർ ക്ലാസ്സുകൾ എടുക്കുന്നു. ഇപ്പോൾ 24 പേർ തുടർച്ചയായി ക്ലാസ്സുകൾക്ക് കടന്നുവരുന്നു. ഇത് മണർകാട് കൺവൻഷന്റെ തുടർമാനമായ ശുശ്രൂഷയാണ്. ഈ വേദപഠന ക്ലാസ്സുകളിൽ അനേകർ കടന്നുവന്ന് വചനം പഠിക്കുന്നതിനും ദൈവനാമം മഹത്വപ്പെടേണ്ടതിനും ദൈവജനം പ്രാർത്ഥിച്ചാലും. ബൈബിൾ സ്കൂളിനുവേണ്ടി സെക്രട്ടറി ഇ.സി. ജോൺ, ഇടക്കുളം, കോട്ടയം–9

## പുസ്തകപരിചയം

**രൂത്ത് :** രചന–സുവി. എം.വി. തോമസ്. തന്റെ 31–ാമത്തെ കൃതിയായ രൂത്ത് – ധ്യാനപരമായ പഠനം വിശ്വാസികളുടെ ജീവിതത്തിൽ ആത്മീക മുന്നേറ്റത്തിന് ഇടയായിതീരുമെന്നതിന് സംശയമില്ല. രൂത്ത് ബോവസിന്റെ നാട്ടിൽ, ബോവസിന്റെ വയലിൽ, ബോവസിന്റെ കാല്ക്കൽ, ബോവസിന്റെ വീട്ടിൽ മുതലായവയാണ് ഉള്ളടക്കം. 80 പേജുകളുള്ള പുസ്തകവില 30/, ഫ്രീഡം പബ്ലിക്കേഷൻസ്, കിളിവയൽ, അടൂർ 691529 ൽ നിന്നും ലഭിക്കുന്നതാണ്. (CAG)

### വരിക്കാരുടെ ശ്രദ്ധയ്ക്ക്

ആത്മപ്രകാശിനിയുടെ വായനക്കാരിൽ വളരെപ്പേർ വാർഷിക വരിസംഖ്യ തരുവാൻ ബാക്കിയുണ്ട്. അവർക്ക് അറിയിപ്പുകൾ അയച്ചുകൊടുക്കുന്നുണ്ട്. യാതൊരു പ്രതികരണവും ഇല്ലാത്തവർക്ക് മാസിക തുടർന്ന് അയയ്ക്കുന്നതല്ല. അതിനാൽ ദയവായി വരിസംഖ്യ അതതു വർഷം അയച്ചു തന്ന് സഹകരിപ്പാൻ താല്പര്യപ്പെടുന്നു.

**മാനേജർ**

RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09- 05

ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George